

# ആത്മാവിന്റെ നിറവിൽ–4

കേരള ലത്തീൻകത്തോലിക്കാസഭയുടെ വിശ്വാസപരിശീലന പാഠാവലി

# കൂദാശകൾ

# Atmavinte Niravil - 4

## Koodasakal



Published by
**Kerala Regional Latin Catholic Bishops' Council**
Commission for Catechetics
Carmelgiri, P.B. No. 620, U.C. College P.O., Aluva

First Published
May, 2008
**12th Impression May 2019**

Copy right
**KRLCBC**
Commission for Catechetics

Design & Layout
**Lajan Orakle, Kochi-18**

Printing
**Green Offset, Mukkam**

Distribution
**Secretary**
**KRLCBC, Commission for Catechetics**
Kerala Region Latin Catholic Secretariat (KRLCS)
Carmelgiri, P.B. No. 620, U.C. College P.O., Aluva
Phone : 0484 - 2603705, 09447508112

Imprimatur

**Most Rev. Dr. Daniel Acharuparambil, Archbishop of Verapoly**
**Most Rev. Dr. Soosa Pakiam, Archbishop of Trivandrum**
**Rt. Rev. Dr. Francis Kallarakal, Bishop of Kottapuram**
**Rt. Rev. Dr. Vincent Samuel, Bishop of Neyyatinkara**
**Rt. Rev. Dr. Varghese Chakkalakal, Bishop of Kannur**
**Rt. Rev. Dr. John Thattumkal, Bishop of Cochin**
**Rt. Rev. Dr. Stephen Athipozhiyil, Bishop of Alleppy**
**Rt. Rev. Dr. Stanley Roman, Bishop of Quilon**
**Rt. Rev. Dr. Joseph Kalathiparambil, Bishop of Calicut**
**Rt. Rev. Dr. Joseph Kariyil, Bishop of Punalur**
**Rt. Rev. Dr. Sebastian Thekkathecheril, Bishop of Vijayapuram**
**Rt. Rev. Dr. Joseph Karikassery, Auxiliary Bishop of Verapoly**

**Latin Archbishop's House**
P. B. No. 2581, Kochi-682 031
Kerala, India
E-mail: mail@verapoly.in

## ആശംസ



"ആത്മാവിന്റെ നിറവിൽ" എന്ന ശീർഷകത്തോടെ കേരള ലത്തീൻ കത്തോലിക്കാസഭയ്ക്കുവേണ്ടിയുള്ള മതബോധനഗ്രന്ഥാവലി പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്.

വിശ്വാസപരിശീലനം എന്നത് സഭയുടെ പ്രധാന ദൗത്യങ്ങളിലൊന്നാണ്. വിശ്വസിക്കുന്ന കാര്യങ്ങളെക്കുറിച്ച് വ്യക്തമായ അറിവും ബോധ്യവും ഓരോ വിശ്വാസിക്കും ലഭിക്കണം. കേരള ലത്തീൻകത്തോലിക്കാസഭയുടെ തനതായ പാരമ്പര്യവും സംസ്കാരവും ആരാധനക്രമവും വിശ്വാസിസമൂഹം വ്യക്തമായി അറിയുകയും ജീവിക്കുകയും വേണം. ക്രിസ്തുരഹസ്യങ്ങളെയും സഭാജീവിതത്തെയും ആധുനികലോകത്തിന്റെ സാഹചര്യങ്ങളിൽ നിന്നുകൊണ്ട് ധീരമായി പ്രഘോഷിക്കാൻ വിശ്വാസികളേവർക്കും കടമയുണ്ട്.

ക്രിസ്തുജയന്തി രണ്ടായിരാമാണ്ടിലാണ് കെ.ആർ.എൽ.സി.ബി.സി. മതബോധനകമ്മീഷൻ രൂപീകരിക്കപ്പെട്ടത്. കമ്മീഷന്റെ പ്രഥമവും പ്രധാനവുമായ ദൗത്യം കേരള ലത്തീൻ കത്തോലിക്കാസഭയ്ക്കുവേണ്ടിയുള്ള വിശ്വാസപരിശീലനപാഠാവലി തയ്യാറാക്കുക എന്നതായിരുന്നു. ഈ ദൗത്യം സ്തുത്യർഹമാംവിധം നിർവഹിച്ച കമ്മീഷൻചെയർമാൻ അഭിവന്ദ്യ സൂസപാക്യം പിതാവിനും സെക്രട്ടറി റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളിക്കും മറ്റ് കമ്മീഷൻഅംഗങ്ങൾക്കും പ്രവർത്തകർക്കും ഞാൻ നന്ദിപറയുന്നു. നമ്മുടെ മക്കളുടെ വിശ്വാസപാതയിൽ വഴിവിളക്കായി ഈ പുസ്തകപഠനം പ്രശോഭിക്കട്ടെ എന്ന് ഹൃദയപൂർവം ആശംസിക്കുന്നു.

+ Daniel Acharuparambil

**+ ആർച്ച്ബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിൽ**
പ്രസിഡന്റ്, കെ.ആർ.എൽ.സി.ബി.സി., കൊച്ചി
മെയ് 1, 2008

**Latin Archdiocese of Trivandrum**
Latin Archbishop's House, Vellayambalam,
P. B. No. 805, Trivandrum-695 003
E-mail: bpsoosa@md4.vsnl.net.in



# സമർപ്പണം

"നിങ്ങൾ ലോകമെങ്ങുംപോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ. 16:15). യേശുവിന്റെ ഈ ആഹ്വാനം ശിരസ്സാ വഹിച്ചുകൊണ്ട് സുവിശേഷമാകുകയും സുവിശേഷമേകുകയും ചെയ്യുന്ന ശിഷ്യന്മാരുടെ സ്നേഹസമൂഹത്തിന്, ദൈവരാജ്യത്തിന് രൂപം കൊടുക്കുന്നതിൽ സഭ എന്നും വ്യാപൃതയാണ്. യേശുവിലൂടെ ദൈവത്തെ നിരന്തരം അറിയുകയും അനുഭവിക്കുകയും ഈ അറിവും അനുഭവവും മറ്റുള്ളവർക്ക് പകർന്നുകൊടുക്കുകയും ചെയ്തുകൊണ്ട്, സമാഗതമായിക്കൊണ്ടിരിക്കുന്ന ദൈവരാജ്യത്തിന്റെ അടയാളവും കൂദാശയുമായാണ് സഭ നിലകൊള്ളുന്നത്. സഭയുടെ ഭൂമിശാസ്ത്രപരമായ വ്യാപ്തിയും സംഖ്യാപരമായ വർദ്ധനയും മാത്രമല്ല, ആന്തരിക വളർച്ചയും സർവോപരി ദൈവികപദ്ധതിയോടുള്ള സഹകരണവുമെല്ലാം അടിസ്ഥാനപരമായി മതബോധനത്തെ ആശ്രയിച്ചാണിരിക്കുന്നത് (CT 13). ഈ അവബോധമാണ് മതബോധനത്തെ എല്ലാക്കാലത്തും പ്രഥമശുശ്രൂഷയായി പരിഗണിക്കാൻ സഭയെ പ്രേരിപ്പിച്ചിട്ടുള്ളത്.

കാലത്തിന്റെ ചുവരെഴുത്തുകൾ സുവിശേഷവെളിച്ചത്തിൽ വായിച്ചു മനസ്സിലാക്കാൻ ആഹ്വാനം ചെയ്ത വത്തിക്കാൻ സൂനഹദോസ്, മതബോധനശുശ്രൂഷയ്ക്ക് പുത്തൻ ഉണർവും നൂതന രൂപഭാവങ്ങളും പകർന്നു നല്കി. ഈ ചൈതന്യമുൾക്കൊണ്ടുകൊണ്ട് അടുത്തകാലത്തു പ്രസിദ്ധീകരിച്ച "കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം" വിശ്വാസപരിശീലനം സംബന്ധിച്ചിടത്തോളം ആധികാരിക സംശോധന സ്രോതസ്സായി നിലകൊള്ളുന്നു. സാർവത്രികസഭയുടെ ഈ ആധികാരിക പഠനങ്ങളും പൊതുവായ മാർഗനിർദ്ദേശങ്ങളും സ്ഥലകാലസാഹചര്യങ്ങൾക്കൊത്ത് അനുരൂപപ്പെടുത്തേണ്ടത് ഓരോ പ്രാദേശികസഭയുടെയും കടമയാണ്. ഈ ദൗത്യമാണ് "ആത്മാവിന്റെ നിറവിൽ" എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകങ്ങളിലൂടെ കേരള ലത്തീൻ കത്തോലിക്കാസഭ നിർവഹിക്കുന്നത്.

ഈ വിശ്വാസപരിശീലനപാഠാവലിയിൽ വിശ്വാസസത്യങ്ങളുടെ അവതാരണത്തോടൊപ്പം കേരള ലത്തീൻ കത്തോലിക്കാസഭയുടെ ചരിത്രവും പാരമ്പര്യവും ആരാധനക്രമത്തിലെ പ്രത്യേകതകളും ഉൾക്കൊള്ളിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. വിശ്വാസവും ആഘോഷവും ജീവിതവും പ്രാർത്ഥനയും സമന്വയിപ്പിക്കുന്ന ഒരു സമീപനം ഉള്ളടക്കത്തിലും അവതാരണത്തിലും കാണുന്നുണ്ട്. ലളിതമായ ഭാഷയും കുട്ടികളെ ആകർഷിക്കുന്ന ആധുനിക ബോധനരീതികളും ശ്രദ്ധേയമാണ്. ഇത്രയേറെ മനോഹരമായ രീതിയിൽ, അങ്ങേയറ്റം വ്യക്തതയോടെ ഈ പാഠാവലികൾ രൂപകല്പന ചെയ്തു പ്രസിദ്ധീകരിക്കാൻ സഹായിച്ച ബഹുമാനപ്പെട്ട സ്റ്റാൻലി മാതിരപ്പിള്ളി അച്ചനെയും സഹപ്രവർത്തകരെയും ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുന്നു. വിശ്വാസപരിശീലനംനേടുന്ന നമ്മുടെ കുഞ്ഞുമക്കളെല്ലാവരും യേശുവിനെപ്പോലെ "ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും" (ലൂക്കാ 2:52) വളരാൻ ഇടവരട്ടെ എന്ന പ്രാർത്ഥനയോടുകൂടെ ഈ പാഠപുസ്തകങ്ങൾ സർവജനസമക്ഷം സമർപ്പിക്കുന്നു.

**ആർച്ച്ബിഷപ്പ് സൂസപാക്യം എം.**
ചെയർമാൻ, മതബോധന കമ്മീഷൻ
കെ.ആർ.എൽ.സി.ബി.സി., തിരുവനന്തപുരം

തിരുവനന്തപുരം
മേയ് 1, 2008

# കൃതജ്ഞത

"പിതാവിൻ പക്കലേക്ക്," ക്രിസ്തുവിന്റെ പിന്നാലേ" എന്നീ ശീർഷകങ്ങളിൽ എറണാകുളം പി.ഒ.സി. പ്രസിദ്ധീകരിച്ച വിശ്വാസപരിശീലനപാഠാവലിയുടെ തുടർച്ചയെന്നോണമാണ് "ആത്മാവിന്റെ നിറവിൽ" എന്ന പേരിൽ കേരള ലത്തീൻ കത്തോലിക്കാ സഭയ്ക്കുവേണ്ടിയുള്ള മതപഠനപുസ്തകങ്ങൾ കെ.ആർ.എൽ.സി.ബി.സി. മതബോധനകമ്മീഷൻ പ്രസിദ്ധീകരിക്കുന്നത്.

കേരളലത്തീൻ കത്തോലിക്കാസഭയ്ക്കുവേണ്ടി തനതായ വിശ്വാസപരിശീലന പാഠാവലി തയ്യാറാക്കുന്നതിന്റെ ഒരുക്കമായി Come, See and Abide എന്ന പേരിൽ ഒരു മതബോധന ഡയറക്ടറി പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത ഡയറക്ടറിയുടെ അടിസ്ഥാനത്തിലാണ് ഒന്നു മുതൽ പന്ത്രണ്ടുവരെക്ലാസ്സുകൾക്കുള്ള വിശ്വാസപരിശീലന പാഠാവലി തയ്യാറാക്കിയത്. നാലു ഘട്ടങ്ങളായാണ് പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നത്. ഒന്നുമുതൽ മൂന്നുവരെ ക്ലാസ്സുകളിലെ പുസ്തകങ്ങൾ ഒന്നാം ഘട്ടത്തിലും നാലു മുതൽ ആറുവരെ ക്ലാസ്സുകളിലെ പുസ്തകങ്ങൾ രണ്ടാം ഘട്ടത്തിലും ഏഴുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലെ പുസ്തകങ്ങൾ മൂന്നും നാലും ഘട്ടങ്ങളിലുമായും പ്രസിദ്ധീകരിക്കുന്നു.

ധാരാളംപേരുടെ ആത്മാർത്ഥമായ സഹകരണത്തിന്റെയും പ്രോത്സാഹനത്തിന്റെയും ഫലമാണ് ഈ പാഠപുസ്തകങ്ങൾ. കമ്മീഷന്റെ വിലപ്പെട്ട ഈ ഉദ്യമത്തിന് ആവശ്യമായ എല്ലാവിധ പ്രോത്സാഹനങ്ങളും നല്കുകയും തയ്യാറാക്കിയ പുസ്തകങ്ങൾ അംഗീകരിച്ച് പ്രസിദ്ധീകരണാനുമതി നല്കുകയും ചെയ്ത കേരള ലത്തീൻ കത്തോലിക്കാ സഭയിലെ എല്ലാ അഭിവന്ദ്യ മെത്രാന്മാർക്കും പ്രത്യേകിച്ച് ആർച്ച്ബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിൽ, ആർച്ച്ബിഷപ്പ് സൂസപാക്യം എന്നിവർക്കും സ്നേഹപൂർവം നന്ദി പറയുന്നു. കെ.ആർ.എൽ.സി.ബി.സി.ക്കുവേണ്ടി പുസ്തകങ്ങൾ വേണ്ടവിധം പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ നല്കിയ ബിഷപ്പ് സ്റ്റാൻലി റോമൻ, ബിഷപ്പ് ജോസഫ് കരിയിൽ, ബിഷപ്പ് വർഗീസ് ചക്കാലക്കൽ, ബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ എന്നീ അഭിവന്ദ്യപിതാക്കന്മാർക്ക് പ്രത്യേകം നന്ദി. മതബോധന കമ്മീഷന്റെ എല്ലാ പ്രവർത്തനങ്ങളോടും ആത്മാർത്ഥമായി സഹകരിക്കുകയും അക്ഷീണം പ്രയത്നിക്കുകയും ചെയ്യുന്ന എല്ലാ മതബോധന ഡയറക്ടർമാരെയും റിസോഴ്സ് ടീം അംഗങ്ങളെയും ഫാ. നിക്കോളാസ്, സി. ജെ. ഹെൻറി എന്നിവരെയും നന്ദിയോടെ സ്മരിക്കുന്നു.

നാലുമുതൽ ആറുവരെയുള്ള പാഠപുസ്തകങ്ങളുടെ ഭാഷാശുദ്ധി പരിശോധിക്കുകയും അവയ്ക്കുവേണ്ട ഗാനങ്ങൾ തയ്യാറാക്കുകയും ചെയ്ത ഡോ. പ്രീമൂസ് പെരിഞ്ചേരിക്കും കമ്പ്യൂട്ടർ ലേഔട്ടും ഗ്രാഫിക്സും നിർവഹിച്ച ലാജൻ ഒറാക്കിലിനും പ്രിന്റിങ് നിർവഹിച്ച തിരുവനന്തപുരം സെന്റ് ജോസഫ്സ് പ്രസ് അംഗങ്ങൾക്കും ഹൃദയപൂർവം നന്ദി പറയുന്നു.

**ഡോ. സ്റ്റാൻലി മാതിരപ്പിള്ളി**
സെക്രട്ടറി, ബൈബിൾ - മതബോധന കമ്മീഷൻ
കെ.ആർ.എൽ.സി.ബി.സി., ആശീർഭവൻ, കൊച്ചി.

മേയ് 1, 2008

# ഉള്ളടക്കം


1. കൂദാശകൾ ........................................ 7

2. ജ്ഞാനസ്നാനം ........................................ 14

3. സ്ഥൈര്യലേപനം ........................................ 19

4. വിശുദ്ധകുർബാന: ക്രിസ്തുവിന്റെ ബലി ............... 25

5. വിശുദ്ധകുർബാന: ആഘോഷവും ജീവിതവും ... 31

6. അനുരഞ്ജനം ........................................ 38

7. രോഗീലേപനം ........................................ 45

8. ഉത്തമകുടുംബം ........................................ 50

9. തിരുപ്പട്ടം ........................................ 55

10. കൂദാശാനുകരണങ്ങൾ ........................................ 61

11. ആരാധനക്രമവത്സരം ........................................ 66

12. വിശുദ്ധിയിലേക്കുള്ള വഴി ........................................ 71

**വിശുദ്ധ മരിയ ഗൊരേത്തി** ........................................ 78

പാഠം ഒന്ന്

# കൂദാശകൾ

എത്ര സുന്ദരമാണ് നാം ജീവിക്കുന്ന ഈ പ്രപഞ്ചം!

പൂത്തും കായ്ച്ചും നില്ക്കുന്ന വൃക്ഷലതാദികൾ. ഹരിതാഭമായ ഭൂമി.



വീട്ടുമുറ്റത്തെ തേന്മാവ് നമുക്കെന്തിഷ്ടമാണല്ലേ? മാമ്പഴക്കാലമാകുമ്പോൾ തേന്മാവ് നിറയെ തേനൂറും മാമ്പഴങ്ങൾ. തേന്മാവിന്റെ ഒരു ശാഖ മുറിച്ചുമാറ്റിയാൽ എന്തു സംഭവിക്കുമെന്ന് നമുക്കറിയാം. **തായ്ത്തടിയിൽ നിന്ന് വേർപെട്ടുനില്ക്കുന്ന ശാഖയ്ക്ക് ജീവൻ നിലനിർത്താനാവശ്യമായ പോഷണവും ജലവും ലഭിക്കാതെ അത് ഉണങ്ങിപ്പോകും**. പിന്നെ അതെങ്ങനെ ഫലം പുറപ്പെടുവിക്കും?

യേശു പറഞ്ഞ **മുന്തിരിച്ചെടിയുടെ ഉപമ** നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.



മുന്തിരിച്ചെടിയല്ലോ ഞാൻ
നിങ്ങളതിൻ ശാഖകളും
നിങ്ങളെന്നിൽ വസിച്ചാൽ
പൂത്തുതളിർക്കും നിത്യവും

“ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ, അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു. എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. എന്നിൽ വസിക്കാത്തവൻ മുറിച്ചശാഖപോലെ പുറത്തെറിയപ്പെടുകയും ഉണങ്ങിപ്പോകുകയും ചെയ്യുന്നു” (യോഹ. 15:5-6).

**താ‌യ്ത്തടിയോട് ചേർന്നുനില്ക്കാത്ത ശാഖയ്ക്ക്**
**ജീവൻ ലഭിക്കാത്തതു പോലെ, യേശുവിനോട്**
**ചേർന്നുനിന്നില്ലെങ്കിൽ നമുക്കു ജീവനുണ്ടാകുകയില്ല.**



താഴെ കാണുന്ന അടയാളങ്ങൾ ശ്രദ്ധിക്കൂ.

അവ എന്തിനെ സൂചിപ്പിക്കുന്നു എന്നെഴുതുക.







**അദൃശ്യനായ ദൈവത്തെ അനുഭവിക്കാൻ നമ്മെ സഹായിക്കുന്ന ദൃശ്യവും രക്ഷാകരവുമായ അടയാളങ്ങളാണ് കൂദാശകൾ.**

**ഏഴുകൂദാശകളാണ് യേശു സ്ഥാപിച്ചിട്ടുള്ളത്.**

**അവ പരികർമ്മംചെയ്യാൻ സഭയ്ക്കുമാത്രമേ അധികാരമുള്ളൂ.**

കൂദാശകൾവഴിയായി നമ്മുടെ ജീവിതത്തിലെ എല്ലാ മേഖലകളിലും യേശു നമ്മോട് ആഴമായി ബന്ധപ്പെട്ടിരിക്കുന്നു.

## ജ്ഞാനസ്നാനം



ജ്ഞാനസ്നാനത്തിലൂടെ (മാമ്മോദീസ) നമുക്ക് ദൈവികജീവൻ ലഭിക്കുന്നു. നാം ദൈവമക്കളും സഭാംഗങ്ങളും നിത്യജീവന് അവകാശികളും ആയിത്തീരുന്നു.

## സ്ഥൈര്യലേപനം



സ്ഥൈര്യലേപനം വഴി നാം പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ക്രിസ്തുവിന്റെ സജീവ സാക്ഷികളായി തീരുന്നു. നന്മയിൽ ഉറച്ചുനില്ക്കാനും തിന്മയ്ക്കെതിരേ പടപൊരുതാനും സ്ഥിരതയും ശക്തിയും നമുക്കു ലഭിക്കുന്നു.

## കുർബാന



വിശുദ്ധ കുർബാനയിൽ യേശു തന്റെ ശരീരവും രക്തവും നമുക്കു ഭക്ഷണ പാനീയമായി നല്കുന്നു. അതുവഴി നമ്മൾ ക്രിസ്തുവിൽ ഒറ്റ ശരീരമായി ത്തീർന്ന് നിത്യജീവനിൽ പങ്കുകാരാകുന്നു.

## കുമ്പസാരം



കുമ്പസാരത്തിലൂടെ നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടുകയും ദൈവത്തോടും സഹോദരങ്ങളോടും നാം രമ്യതപ്പെടു കയും ചെയ്യുന്നു.

## രോഗീലേപനം



രോഗീലേപനംവഴി ദൈവം രോഗാവസ്ഥയിൽ നമ്മെ ആശ്വസിപ്പിക്കുകയും സുഖപ്പെടുത്തുകയും ചെയ്യുന്നു.

## തിരുപ്പട്ടം



മെത്രാന്റെ കൈവയ്പുകർമ്മവും പ്രതിഷ്ഠാപന പ്രാർത്ഥനയും വഴി പരിശുദ്ധാത്മാവിനെ വർഷിക്കുകയും തങ്ങളുടേതായ ശുശ്രൂഷകൾ നിറവേറ്റുന്നതരത്തിൽ മെത്രാൻമാർക്കും വൈദികർക്കും ഡീക്കന്മാർക്കും മായാത്തമുദ്ര നല്കുകയും ചെയ്യുന്ന കൂദാശയാണ് തിരുപ്പട്ടം.

## വിവാഹം



വിവാഹംവഴി സ്ത്രീയെയും പുരുഷനെയും ദൈവം ഒരു കുടുംബമാക്കിത്തീർക്കുകയും കുഞ്ഞുങ്ങളുടെ ജനനംവഴി സഭയെയും സമൂഹത്തെയും നിലനിർത്തുകയും ചെയ്യുന്നു.

നമ്മുടെ ജീവൻ നിലനിർത്താൻ, ജീവന്റെ ഉറവിടമായ യേശുവിനോട് നമുക്കു ചേർന്നുനില്ക്കാം. കുർബാന, കുമ്പസാരം എന്നീ കൂദാശകളുടെ നിരന്തരസ്വീകരണംവഴി നമുക്കു രക്ഷയുടെപാതയിൽ ആയിരിക്കാം. പുണ്യപ്രവൃത്തികൾവഴി നമുക്ക് സദ്ഫലങ്ങൾ പുറപ്പെടുവിക്കാം. യേശുവാണ് ഏഴു കൂദാശകളും സ്ഥാപിച്ചത്. കൂദാശകൾവഴി യേശു ദൈവികസ്നേഹം നാമുമായി പങ്കുവയ്ക്കുകയും നമ്മെ ദൈവത്തോട് ചേർത്തുനിർത്തി നിത്യരക്ഷയ്ക്ക് അർഹരാക്കുകയും ചെയ്യുന്നു. ഓരോ ദിവസവും ദൈവാനുഭവത്തിൽ വളരാൻ കൂദാശകൾ നമ്മെ സഹായിക്കുന്നു.

താഴെ കൊടുത്തിരിക്കുന്ന കൂദാശകളിൽ പ്രാരംഭകൂദാശകൾമാത്രം കളർ ചെയ്യുക.




**ഇത്തരം സന്ദർഭങ്ങളിൽ നിങ്ങൾ എന്തു ചെയ്യുമെന്നു പറയുക:**

1. നിങ്ങളുടെ ഒരു കൂട്ടുകാരൻ അദ്ധ്യാപകരെയും മാതാപിതാക്കളെയും അനുസരിക്കാതെ പാപാവസ്ഥയിൽ ജീവിക്കുന്നു.
2. നിങ്ങളുടെ അയല്ക്കാരൻ ഗുരുതരമായ രോഗാവസ്ഥയിലാണ്.

ഒരിക്കൽമാത്രം സ്വീകരിക്കാവുന്ന കൂദാശകൾ വലതുവശത്തെ ഇലകളിലും ഒന്നിലധികം പ്രാവശ്യം സ്വീകരിക്കാവുന്ന കൂദാശകൾ ഇടതുവശത്തെ ഇലകളിലും എഴുതുക.



## ഉത്തരം കണ്ടെത്താം

1.. തായ്ത്തടിയോട് ചേർന്നുനില്ക്കാത്ത ശാഖയ്ക്ക് എന്തു സംഭവിക്കും? എന്തുകൊണ്ട്?

2. സാധാരണ അടയാളങ്ങളും കൂദാശകളാകുന്ന അടയാളങ്ങളും തമ്മിലുള്ള വ്യത്യാസമെന്ത്?

3. ദൈവികജീവൻ നഷ്ടപ്പെടാതിരിക്കാനും നിലനിർത്താനും നാം എന്തു ചെയ്യണം?

4. നിങ്ങൾ ഇതുവരെ സ്വീകരിച്ചിട്ടുള്ള കൂദാശകൾ ഏതെല്ലാം?

5. ആരാണ് കൂദാശകൾ സ്ഥാപിച്ചത്?



## നമുക്കു പാടാം

അദൃശ്യമാകും ദൈവവരം
നമ്മിൽ ചേരും വഴിയല്ലോ
കൂദാശകളെന്നറിയേണം
യേശുസ്ഥാപിതമവ, യേഴും

ശാഖകൾ തായ്ത്തടിയോടെന്നും
ചേർന്നാൽ മാത്രം നിലനില്ക്കും
എന്നതുപോലെ ദൈവവുമായ്
ഒന്നായാൽ നാം ജീവിക്കും

## നമുക്കു പ്രാർത്ഥിക്കാം

നിത്യജീവന്റെ ഉറവിടമായ യേശുവേ, അങ്ങയോടു ചേർന്നുനില്ക്കാനും സദ്ഫലങ്ങൾ പുറപ്പെടുവിക്കാനും ഞങ്ങളെ പഠിപ്പിക്കണമേ.





## നമുക്കു ദൈവവചനം ഓർമ്മിക്കാം

"ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകാനുമാണ്" (യോഹ. 10:10).

## മന:പാഠമാക്കാം

കാണപ്പെടാത്ത ദൈവവരപ്രസാദം നമുക്കു ലഭിക്കുന്നതിന് ഈശോമിശിഹാ സ്ഥാപിച്ചതും സഭയെ ഏല്പിച്ചതുമായ കാണപ്പെടുന്ന അടയാളങ്ങളാണ് കൂദാശകൾ.

പാഠം രണ്ട്

# ജ്ഞാനസ്നാനം

 

ഈ ചിത്രങ്ങൾ നിങ്ങൾ ശ്രദ്ധിച്ചുവല്ലോ. മുളച്ച ഒരു വിത്ത് കുഴിച്ചിടാതിരുന്നാലോ? ആവശ്യമായ വെള്ളവും വളവും നല്കാതിരുന്നാലോ? ഉണങ്ങിപ്പോകും, തീർച്ച.

മുളച്ച വിത്തെടുത്ത് നന്നായി കുഴിയൊരുക്കി നട്ടതിനുശേഷം ആവശ്യമായ വളവും വെള്ളവും നല്കുമ്പോൾ ആരോഗ്യമുള്ള വൃക്ഷമായി വളരുകയും ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു.

ഇതുപോലെ തന്നെയാണ് നമ്മുടെ ജീവിതവും. നമുക്ക് നിത്യജീവനിലേക്ക് വളരാൻ ആവശ്യമായ പോഷകം ലഭിക്കുന്നത് ജ്ഞാനസ്നാനം വഴിയാണ്. നമ്മുടെ മാതാപിതാക്കളിൽ നിന്നാണ് നാം ജന്മം കൊള്ളുന്നത്. എങ്കിലും ആദിമാതാപിതാക്കളുടെ അനുസരണക്കേടുമൂലമുണ്ടായ ഉദ്ഭവപാപത്തോടുകൂടെയാണ് നാം ജനിക്കുന്നത്. തന്മൂലം ദൈവികജീവനിൽ വളരാനുള്ള ദൈവവരപ്രസാദം നമുക്കുണ്ടായിരിക്കുകയില്ല.

**എന്നാൽ ജ്ഞാനസ്നാനംവഴി നമുക്ക് ദൈവവരപ്രസാദം ലഭിക്കുകയും ഉദ്ഭവപാപത്തിന്റെ ബന്ധനത്തിൽ നിന്ന് നാം മോചിതരാകുകയും ചെയ്യുന്നു. നാം ദൈവമക്കളായിത്തീരുന്നു. നമുക്ക് നിത്യജീവനിലേക്കുള്ള വാതിൽ തുറന്നു കിട്ടുകയും ചെയ്യുന്നു.** അതുകൊണ്ട് **ജ്ഞാനസ്നാനത്തെ ക്രൈസ്തവ ജീവിതത്തിന്റെ വാതിൽ എന്നു വിളിക്കാം.**

"സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനു ദൈവരാജ്യം കാണാൻ കഴിയുകയില്ല" (യോഹ. 3:3).

ജ്ഞാനസ്നാനം എന്ന കൂദാശ വഴി ദൈവമക്കളായിത്തീർന്ന നാം ക്രിസ്തുവിന്റെ ഭൗതികശരീരമായ തിരുസഭയിലെ അംഗങ്ങളായിത്തീരുന്നു.

"ആകയാൽ നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ" (മത്താ. 28:19-20).

**ജ്ഞാനസ്നാനം (മാമ്മോദീസ) എന്ന വാക്കിന് 'മുങ്ങുക' അഥവാ 'സ്നാനം ചെയ്യുക' എന്നാണർത്ഥം.**

ജ്ഞാനസ്നാനസ്വീകരണം വഴി
ഉദ്ഭവപാപത്തിൽ നിന്നും കർമ്മപാപമുണ്ടെങ്കിൽ അതിൽ നിന്നും
നാം മോചിതരാകുന്നു.
നമുക്ക് ദൈവവരപ്രസാദം ലഭിക്കുന്നു. നാം ദൈവമക്കളാകുന്നു.
സ്വർഗരാജ്യത്തിന് അവകാശികളാകുന്നു.
തിരുസഭയിലെ അംഗങ്ങളാകുന്നു.
യേശുവിനെപ്പോലെ നാം എല്ലാവർക്കും നന്മചെയ്തു ജീവിക്കുകയും
യേശുവിന്റെ സ്നേഹം
മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും വേണം

## ജ്ഞാനസ്നാനസ്വീകരണക്രമം



ജ്ഞാനസ്നാനം സ്വീകരിക്കാനുള്ള ശിശുക്കളെ മാതാപിതാക്കൾ ദൈവാലയത്തിലേക്ക് കൊണ്ടുവരുന്നു. ജ്ഞാനമാതാപിതാക്കളും ബന്ധുക്കളും അനുഗമിക്കുന്നു. വൈദികൻ ശിശുവിനെ പുതിയ പേരുനല്കി വിളിച്ചുകൊണ്ട് കുരിശടയാളം വരച്ച് ക്രിസ്തുവിന് ഉടമപ്പെടുത്തുകയും ക്രിസ്തീയസമൂഹത്തിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്യുന്നു.



വചനപ്രഘോഷണകർമ്മം, ലഘുപ്രഭാഷണം, വിശ്വാസികളുടെ പ്രാർത്ഥന, വിശുദ്ധരുടെ ലിറ്റനി, ഭൂതോച്ചാടനപ്രാർത്ഥന എന്നിവയ്ക്കു ശേഷം രക്ഷകനായ ക്രിസ്തുവിലൂടെ ശക്തി പ്രാപിക്കാനായി വൈദികൻ ശിശുവിന്റെ നെഞ്ചിൽ പ്രാരംഭ കൂദാശാർത്ഥികളുടെ തൈലം പൂശുന്നു. തുടർന്ന് ജ്ഞാനസ്നാന ജലം ആശീർവദിക്കുന്നു. ശിശുവിനു വേണ്ടി സമൂഹം പിശാചിനെ ഉപേക്ഷിക്കുന്നുവെന്നും സത്യദൈവത്തിൽ വിശ്വസിക്കുന്നുവെന്നുമുള്ള വിശ്വാസപ്രഖ്യാപനം നടത്തുന്നു.



വൈദികൻ ശിശുവിന്റെ ശിരസ്സിൽ മൂന്നു പ്രാവശ്യം വെള്ളമൊഴിച്ചു കൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവി ന്റെയും നാമത്തിൽ ശിശുവിന് പേരുവിളിച്ച് ജ്ഞാനസ്നാനം നല്കുന്നു.



പുരോഹിതൻ ശിശുവിന്റെ ശിരസ്സിൽ പ്രതിഷ്ഠാ തൈലം പൂശുന്നു. ക്രിസ്തുവിന്റെ രാജകീയ-പുരോഹിത-പ്രവാചക ദൗത്യങ്ങളിൽ ഈ ലേപനംവഴി ശിശു പങ്കുകാരനാകുന്നു.



വൈദികൻ ശിശുവിന്റെമേൽ വെള്ളവസ്ത്രം വിരിക്കുകയും കത്തിച്ച മെഴുകുതിരി ജ്ഞാന പിതാവിന്റെ സഹായത്തോടെ കുട്ടിയെക്കൊണ്ട് പിടിപ്പിക്കുകയും ചെയ്യുന്നു. വെള്ളവസ്ത്രം ധരിപ്പിക്കുന്നതിലൂടെ കുട്ടി ക്രിസ്തുവിനെ വസ്ത്രമായി അണിഞ്ഞിരിക്കുന്നുവെന്നും കത്തിച്ചതിരിപിടിക്കുന്നതിലൂടെ പ്രകാശമായ ക്രിസ്തുവിനെ സ്വീകരിക്കുന്നുവെന്നും അർത്ഥമാക്കുന്നു.



ദൈവവചനം ശ്രവിക്കുന്നതിന് ചെവികളെയും ദൈവമഹത്വത്തിന് വിശ്വാസം പ്രഖ്യാപിക്കുന്നതിന് അധരങ്ങളെയും ആശിർവദിക്കുന്ന എഫേത്ത കർമ്മമാണ് അടുത്തത്. തുടർന്ന് എല്ലാവരും ഒന്നു ചേർന്ന് '**സ്വർഗസ്ഥനായ പിതാവേ**' എന്ന പ്രാർത്ഥന ചൊല്ലുകയും വൈദികൻ മാതാപിതാക്കളെയും വിശ്വാസിസമൂഹത്തെയും ആശീർവദിക്കുകയും ചെയ്യുന്നു.

---

നിങ്ങൾ സ്വീകരിച്ച ജ്ഞാനസ്നാനത്തെക്കുറിച്ച് ചോദിച്ചറിഞ്ഞ്
താഴെ പറയുന്ന കാര്യങ്ങൾ പൂരിപ്പിക്കുക:

നിങ്ങളുടെ ജ്ഞാനസ്നാന ദിവസം :

ജ്ഞാനസ്നാനം സ്വീകരിച്ച ദൈവാലയം :

ജ്ഞാനസ്നാനം നല്കിയ വൈദികൻ :

നിങ്ങളുടെ ജ്ഞാനസ്നാനപ്പേര് :

ജ്ഞാനസ്നാനമാതാപിതാക്കളുടെ പേര് :

1 2

**ചർച്ചചെയ്യുക:**

നിങ്ങൾ പങ്കെടുത്ത ഒരു ജ്ഞാനസ്നാനശുശ്രൂഷയെപ്പറ്റി

**നിങ്ങൾക്കറിയാമോ?**

ജ്ഞാനസ്നാനം സ്വീകരിച്ച ശിശുവിനെ ക്രിസ്തീയവിശ്വാസത്തിൽ വളർത്താൻ മാതാപിതാക്കളെ സഹായിക്കുക എന്നതാണ് ജ്ഞാനമാതാപിതാക്കളുടെ കടമ. ജ്ഞാനസ്നാനസമയത്ത് നാം വിശുദ്ധരുടെ പേരുകൾ സ്വീകരിക്കുന്നു. അതുവഴി നാം സ്വീകരിക്കുന്ന വിശുദ്ധന്റെ ജീവിതം മാതൃകയാക്കുന്നു. നമ്മുടെ പേരുള്ള വിശുദ്ധന്റെ പ്രത്യേകസംരക്ഷണം നമുക്കു ലഭിക്കുകയും ചെയ്യുന്നു.

## ഉത്തരം കണ്ടെത്താം

1. എന്തു കൊണ്ടാണ് ജ്ഞാനസ്നാനത്തെ ക്രൈസ്തവജീവിതത്തിന്റെ വാതിൽ എന്നു വിളിക്കുന്നത്?
2. എന്താണ് ജ്ഞാനസ്നാനം എന്ന വാക്കിന്റെ അർത്ഥം?
3. പ്രതിഷ്ഠാതൈലലേപനംവഴി എന്താണ് ശിശുവിനു ലഭിക്കുക?
4. വെള്ളവസ്ത്രവും കത്തിച്ചതിരിയും അർത്ഥമാക്കുന്നതെന്ത്?
5, എന്തിനാണ് ജ്ഞാനസ്നാനസമയത്ത് വിശുദ്ധരുടെ പേരുകൾ സ്വീകരിക്കുന്നത്?



## നമുക്കു പാടാം

ക്രൈസ്തവജീവിതവാതിലല്ലോ
ആദ്യകൂദാശയാം ജ്ഞാനസ്നാനം
ഉദ്ഭവപാപം കഴുകിമാറ്റും
കർമ്മപാപങ്ങളുണ്ടെങ്കിലതും

ദൈവപ്രസാദവരം ലഭിക്കും
ദൈവത്തിനോമന മക്കളാക്കും
സത്യസഭയിൽ നാമംഗമാകും
സ്വർഗരാജ്യം അവകാശമാക്കും

## നമുക്കു പ്രാർത്ഥിക്കാം

ജ്ഞാനസ്നാന സ്വീകരണംവഴി അങ്ങയുടെ
മക്കളാകാൻ വരം നല്കിയ നല്ല ദൈവമേ,
അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു.





## നമുക്കു ദൈവവചനം ഓർമ്മിക്കാം

"സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല" (യോഹ. 3:5).

## മന:പാഠമാക്കാം

**ജന്മപാപത്തിൽ നിന്നും കർമ്മപാപമുണ്ടെങ്കിൽ അതിൽ നിന്നും മോചിപ്പിച്ച് നമ്മെ ദൈവമക്കളും സഭയുടെ അംഗങ്ങളും സ്വർഗരാജ്യത്തിന് അവകാശികളുമാക്കുന്ന കൂദാശയാണ് ജ്ഞാനസ്നാനം.**

പാഠം മൂന്ന്

# സ്ഥൈര്യലേപനം



ഒരമ്മ തന്റെ കുഞ്ഞിന്റെ വളർച്ചയിൽ എത്രയോ ശ്രദ്ധയുള്ളവളാണ്! വളർച്ചയുടെ ആദ്യകാലത്ത് കുഞ്ഞിന് അമ്മിഞ്ഞപ്പാൽ നല്കുന്നു. പിന്നീട് ലഘുവായ ഭക്ഷണം കഴിക്കാൻ പരിശീലിപ്പിക്കുന്നു. കുഞ്ഞിന്റെ ശരിയായ വളർച്ചയ്ക്ക് അമ്മ അധികപോഷണങ്ങൾ നല്കുന്നു. കുഞ്ഞ് വേഗം വളർന്ന് ശക്തിപ്രാപിക്കണമെന്നാണ് അമ്മ ആഗ്രഹിക്കുന്നത്.



പരിചയസമ്പന്നനായ കർഷകൻ കൃഷിചെയ്യുന്നത് ശ്രദ്ധിച്ചു കാണുമല്ലോ. പാകിയ വിത്ത് മുളയ്ക്കുവോളം ശ്രദ്ധയോടെ അയാൾ കാത്തിരിക്കും. മുളച്ച വിത്ത് ശരിയായി വളരുമ്പോൾ ചുവടു കിളച്ച് അധികവളം നല്കുന്നു. ചെടി സമൃദ്ധമായി വളരുമ്പോൾ കർഷകൻ സന്തോഷിക്കുന്നു. താൻ നട്ട ചെടിയിൽ നിന്ന് ശരിയായ വിളവു ലഭിക്കണമെന്നാണ് കർഷകൻ ആഗ്രഹിക്കുക.

ശിശുപ്രായത്തിൽ ജ്ഞാനസ്നാനത്തിലൂടെ പരിശുദ്ധാത്മാവിനെ സ്വീകരിച്ചവരാണ് നാം. എന്നാൽ നാം വളരുന്നതനുസരിച്ച് ദൈവികജീവനിൽ അഭിവൃദ്ധിപ്രാപിക്കാൻ പരിശുദ്ധാത്മാവിന്റെ പ്രത്യേകഅഭിഷേകം ആവശ്യമാണ്. സ്ഥൈര്യലേപനം എന്ന കൂദാശയിലൂടെയാണ് തിരുസഭ നമുക്ക് പരിശുദ്ധാത്മാവിന്റെ അഭിഷേകം നല്കുക.

**സ്ഥൈര്യലേപനം എന്ന കൂദാശവഴി<br>നാം പരിശുദ്ധാത്മാവിൽ നിറവുള്ളവരും<br>ആത്മശക്തിയുള്ളവരുമായിത്തീരുന്നു.**

**പെന്തക്കോസ്താദിനത്തിലാണ് അപ്പസ്തോലന്മാർക്ക് ആദ്യമായി പരിശുദ്ധാത്മാവിന്റെ അഭിഷേകം ലഭിച്ചത്.**



യേശുവിന്റെ കുരിശുമരണം ശിഷ്യന്മാരെ നഷ്ടധൈര്യരാക്കി. യഹൂദരെ ഭയന്ന് കതകടച്ചിരുന്ന അവരുടെമദ്ധ്യേ യേശു പ്രത്യക്ഷപ്പെട്ടുപറഞ്ഞു: “നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ” (യോഹ. 20:22).



പിന്നീട് പെന്തക്കോസ്താനാളിൽ സെഹിയോൻ ഊട്ടുശാലയിൽ മറിയത്തോടൊപ്പം പ്രാർത്ഥനാനിരതരായ അപ്പസ്തോലന്മാരുടെമേൽ തീനാളത്തിന്റെ രൂപത്തിൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്നു. ആത്മാവിന്റെ നിറവിൽ ശക്തിയും ധൈര്യവും ലഭിച്ച അവർ ആവേശപൂർവം സുവിശേഷം പ്രസംഗിച്ചു.






ജ്ഞാനസ്നാനംവഴി നാം സഭയിലെ അംഗങ്ങളാകുന്നു. എന്നാൽ സ്ഥൈര്യലേപനംവഴി നാം വിശ്വാസത്തിൽ സ്ഥിരതയുള്ളവരും ക്രിസ്തുവിന്റെ സജീവ സാക്ഷികളുമായി മാറുന്നു.

ക്രിസ്തുവിന്റെ സഭയെ നയിക്കുന്നത് പരിശുദ്ധാത്മാവാണ്.

പഴയനിയമത്തിൽ ഇസ്രായേൽജനത്തെ നയിക്കാൻ പൂർവപിതാക്കന്മാരെയും ന്യായാധിപന്മാരെയും രാജാക്കന്മാരെയും പ്രവാചകന്മാരെയും പ്രാപ്തരാക്കിയത് പരിശുദ്ധാത്മാവാണ്.

പരിശുദ്ധാത്മാവിന്റെ ഏഴുദാനങ്ങളെക്കുറിച്ച് നാം മുമ്പ് പഠിച്ചിട്ടുണ്ടല്ലോ. സ്ഥൈര്യലേപനംവഴി നമ്മിൽ നിറയുന്ന പരിശുദ്ധാത്മാവിന്റെ ചൈതന്യത്തിൽ നാം കൂടുതൽ ഫലങ്ങൾ പുറപ്പെടുവിക്കുന്നു.




**ഈ ഫലങ്ങൾ നഷ്ടമാക്കുന്ന പരിശുദ്ധാത്മാവിനെതിരായ പാപങ്ങളുമുണ്ട്. താഴെപ്പറയുന്നവയാണ് അവ:**

- മോക്ഷം കിട്ടില്ലെന്ന വിചാരം.
- സത്പ്രവൃത്തികൾ കൂടാതെ മോക്ഷം നേടാമെന്ന മിഥ്യാബോധം.
- ഒരു കാര്യം സത്യമാണെന്നറിഞ്ഞിട്ടും അതു നിഷേധിക്കുന്നത്.
- അന്യരുടെ നന്മയിൽ അസൂയ തോന്നുന്നത്.
- പാപം ചെയ്തശേഷം അനുതപിക്കാതെ പാപത്തിൽത്തന്നെ ജീവിക്കുന്നത്.
- അന്ത്യസമയത്തുപോലും അനുതപിക്കാതെ പാപത്തോടുകൂടെ മരിക്കുന്നത്.

**സ്ഥൈര്യലേപനം സ്വീകരിച്ച നമുക്ക് ദൈവത്തോടും സഭയോടും സമൂഹത്തോടും ചില കടമകൾ നിറവേറ്റാനുണ്ട്:**

- എല്ലാത്തിനും ഉപരിയായി ദൈവത്തെ സ്നേഹിക്കണം.
- സഭയെ സ്നേഹിക്കുകയും സഭയുടെ പ്രബോധനമനുസരിച്ച് ജീവിക്കുകയും വേണം.
- സമൂഹത്തിലെ എല്ലാ മനുഷ്യരെയും സ്നേഹിക്കുകയും സഹായിക്കുകയും വേണം.

സ്ഥൈര്യലേപനം നമുക്ക് പരിശുദ്ധാത്മാവിന്റെ
അഭിഷേകം നല്കുന്നു.പരിശുദ്ധാത്മാവ് നമ്മിൽ
വസിക്കുകയും നമ്മെ സന്മാർഗത്തിലൂടെ നയിക്കുകയും ചെയ്യുന്നു.
അവിടത്തെ ദാനങ്ങളും ഫലങ്ങളുംകൊണ്ട് നമ്മെ നിറയ്ക്കുന്നു.
നമ്മുടെ വിശ്വാസം ശക്തിപ്പെടുത്തുകയും ക്രിസ്തുവിന്റെ
ധീരസാക്ഷികളാക്കി നമ്മെ മാറ്റുകയുംചെയ്യുന്നു. നന്മയിൽ
ഉറച്ചുനില്ക്കാനുള്ള സ്ഥിരതയും ശക്തിയുംനമുക്കു ലഭിക്കുന്നു.
പരിശുദ്ധാത്മാവിന്റെ നിരന്തരസംരക്ഷണത്തിലും
ശക്തിയിലും നമുക്ക് നല്ല മക്കളായി ജീവിക്കാം.

**നിങ്ങൾക്കറിയാമോ?**

- സാധാരണമായി മെത്രാനാണ് സ്ഥൈര്യലേപനകൂദാശ പരികർമ്മം ചെയ്യുന്നത്. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ മെത്രാൻ വൈദികരെയും ഈ കൂദാശ നല്കാൻ അധികാരപ്പെടുത്തുന്നു. മരണാസന്നനായിക്കിടക്കുന്ന ഒരാൾക്ക് സ്ഥൈര്യലേപനം നല്കാൻ തിരുസഭയിലെ ഏതു വൈദികനും അനുവാദമുണ്ട്.
- ജ്ഞാനസ്നാനത്തിൽ എന്നതുപോലെ ഈ കൂദാശ സ്വീകരിക്കുമ്പോഴും ജ്ഞാനമാതാപിതാക്കൾ ഉണ്ടായിരിക്കണം. സ്വീകരിക്കുന്നയാളുടെ ആത്മീയവളർച്ച തങ്ങളുടെതന്നെ സുകൃതജീവിതമാതൃകയും ഉപദേശവുംവഴി പരിപോഷിപ്പിക്കേണ്ടത് ജ്ഞാനമാതാപിതാക്കളുടെ കടമയാണ്.
- **ദാനമായി ലഭിക്കുന്ന പരിശുദ്ധാത്മാവിന്റെ മുദ്ര സ്വീകരിക്കുക** എന്നതാണ് സ്ഥൈര്യലേപനകൂദാശയിലെ കൂദാശാവചനം. നെറ്റിയിൽ പ്രതിഷ്ഠാതൈലം പൂശിയും കൈവയ്പുശുശ്രൂഷ നല്കിയും മെത്രാൻ ഈ കൂദാശ പരികർമ്മം ചെയ്യുന്നു.

പരിശുദ്ധാത്മാവിന് ബൈബിൾ നല്കുന്ന വിവിധനാമങ്ങൾ കണ്ടുപിടിച്ചെഴുതുക:

| | |
|---|---|
| | |
| | |

താഴെ കാണുന്ന മൂന്നു ചിത്രങ്ങൾ നോക്കി അവ
ഏതെല്ലാം സംഭവങ്ങളാണെന്നു പറയുക.







**പരിശുദ്ധാത്മാവിനോടുള്ള ഒരു പ്രാർത്ഥന തയ്യാറാക്കുക.**



## ഉത്തരം കണ്ടെത്തുക

1. പരിശുദ്ധാത്മാവിന്റെ പ്രത്യേകഅഭിഷേകം നമുക്ക് ആവശ്യമായിരിക്കുന്നത് എന്തുകൊണ്ട്?
2. യഹൂദരെ ഭയന്ന് കതകടച്ചിരുന്ന ശിഷ്യന്മാരോട് യേശു എന്താണു പറഞ്ഞത്?
3. ആവേശപൂർവം സുവിശേഷം പ്രസംഗിക്കാൻ അപ്പസ്തോലന്മാരെ പ്രാപ്തരാക്കിയ അനുഭവം വിവരിക്കുക.
4. പരിശുദ്ധാത്മാവിനെതിരായ പാപങ്ങൾ ഏവ?
5. എന്താണ് സ്ഥൈര്യലേപനകൂദാശയിലെ കൂദാശാവചനം?

## നമുക്കു പാടാം

പരിശുദ്ധാത്മാവിൻ
അഭിഷേകം വന്നീടും
കൂദാശയാകുന്നു
സ്ഥൈര്യലേപനം



ധൈര്യം നല്കീടും, ശക്തി പകർന്നീടും
സന്മാർഗത്തിലുറച്ചുനില്ക്കാൻ കരുത്തുമേകീടും
പെന്തക്കോസ്തായിൽ, തീനാളം പോലെ
പറന്നു വന്നവനേ, നിറഞ്ഞു നില്ക്കണമേ!



## നമുക്കു പ്രാർത്ഥിക്കാം

പരിശുദ്ധാത്മാവേ, എഴുന്നള്ളി വരിക. ദൈവമക്കളായി ജീവിക്കാൻ ഞങ്ങളെ സഹായിക്കുക.

## നമുക്കു ദൈവവചനം ഓർമ്മിക്കാം

"കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു" (ലൂക്ക 4:18).



## മന:പാഠമാക്കാം

പരിശുദ്ധാത്മാവിന്റെ ശക്തി നമുക്കു നല്കുകയും ക്രിസ്തുവിലുള്ള വിശ്വാസം പ്രഖ്യാപിക്കുന്നതിന് നമ്മെ പ്രാപ്തരാക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യുന്ന കൂദാശയാണ് സ്ഥൈര്യലേപനം.

പാഠം നാല്

# വിശുദ്ധ കുർബാന

## ക്രിസ്തുവിന്റെ ബലി

നമ്മുടെ കൂട്ടുകാർക്ക് നാം പലതരം സമ്മാനങ്ങൾ കൊടുക്കാറുണ്ട്. നമുക്ക് വളരെ പ്രിയപ്പെട്ടവർക്ക് നാം നമുക്കേറ്റവും വിലപ്പെട്ടതു കൊടുക്കും. സ്നേഹിതനുവേണ്ടി ഒരാൾക്കു കൊടുക്കാവുന്ന ഏറ്റവും വലിയ സമ്മാനം എന്താണെന്നറിയാമോ? അപരനുവേണ്ടി സ്വന്തം ജീവൻതന്നെ നല്കുന്നതാണ് ഏറ്റവും വലിയ സമ്മാനം; അതു തന്നെയാണ് ഏറ്റവും വലിയ സ്നേഹവും.

**യേശു പറഞ്ഞു:**
**"സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല" (യോഹ. 15:13).**



ഇപ്രകാരം സ്വന്തംജീവൻ കൊടുത്ത് സഹോദര സ്നേഹം പ്രകടിപ്പിച്ച ഒരാളെ നമുക്ക് പരിചയപ്പെടാം.

രണ്ടാം ലോകമഹായുദ്ധകാലം. നാസി തടങ്കൽ പാളയത്തിലെ തടവുകാരിൽ ഒരാളായിരുന്നു മാക്സി മില്യൻ കോൾബേ. അദ്ദേഹം ഒരു ഫ്രാൻസിസ്കൻ സന്ന്യാസിയായിരുന്നു. കോൾബേയോടൊപ്പം തടവിൽ കഴിഞ്ഞിരുന്ന പത്തുപേരെ വധിക്കാൻ അധികാരികൾ തീരുമാനിച്ചു. അവരിലൊരാൾ സ്വന്തം വീട്ടുകാരെ ക്കുറിച്ചോർത്ത് വാവിട്ടുകരയാൻ തുടങ്ങി. ദൂരെയിരുന്ന്

കോൾബേ ഇതെല്ലാം കാണുന്നുണ്ടായിരുന്നു. മനസ്സലിവു തോന്നിയ അദ്ദേഹം ക്രിസ്തു പഠിപ്പിച്ച വചനങ്ങൾ ഓർത്തു. ആ മനുഷ്യനു പകരം മരിക്കാൻ തയ്യാറായി. അധികാരികൾ കോൾബേയെ വധിക്കുകയും മറ്റേയാളെ സ്വതന്ത്രനാക്കുകയും ചെയ്തു. സഹോദരനുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ലെന്ന് യേശു പഠിപ്പിച്ചത് കോൾബേ അക്ഷരംപ്രതി അനുസരിച്ചു.

മാക്സിമില്യൻ കോൾബേയെപ്പോലെ സ്നേഹിതർക്കുവേണ്ടി ജീവാർപ്പണം നടത്തിയ ധാരാളം വിശുദ്ധന്മാർ എക്കാലത്തും സഭയിൽ ഉണ്ടായിരുന്നു.

ഇവരുടെയെല്ലാം ജീവാർപ്പണം ഒരു വ്യക്തിക്കോ ഒരു ചെറിയ സമൂഹത്തിനോ വേണ്ടി മാത്രമാണ്. മനുഷ്യകുലത്തിനു മുഴുവൻവേണ്ടി ജീവാർപ്പണം നടത്താൻ മനുഷ്യർക്കാർക്കും സാധ്യമല്ല; ദൈവത്തിനു മാത്രമേ അതിനു കഴിയൂ. മനുഷ്യകുലത്തെ പാപത്തിന്റെ അടിമത്തത്തിൽ നിന്നു രക്ഷിക്കാൻ ദൈവം തന്റെ ഏകജാതനെ ഈ ലോകത്തിലേക്കയച്ചു.

**"തന്റെ ഏകജാതനെ നല്കാൻ തക്കവിധം**
**ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു"**
**(യോഹ. 3:16).**



യേശുവിന്റെ കാൽവരിയിലെ ബലി ദൈവപിതാവിന് നമ്മോടുള്ള സ്നേഹത്തിന്റെ വ്യക്തമായ അടയാളമാണ്. കുരിശിൽ ജീവൻ ബലിയർപ്പിച്ചുകൊണ്ട് യേശു ദൈവ പിതാവിന്റെ ഹിതം നിറവേറ്റി.

**"മരണം വരെ - അതേ കുരിശുമരണം വരെ -**
**അനുസരണമുള്ളവനായി തന്നെത്തന്നെ**
**താഴ്ത്തി" (ഫിലി. 2:8).**

മനുഷ്യരക്ഷയ്ക്കായി യേശു കഠിനമായ പീഡനങ്ങൾ ഏറ്റുവാങ്ങി. നിന്ദകൾ സഹിച്ചു. ഭാരമേറിയ കുരിശു ചുമന്നു. ആണികളാൽ കുരിശിൽ തറയ്ക്കപ്പെട്ടു. രക്തം ചിന്തി ജീവൻ ബലിയർപ്പിച്ചു.

മനുഷ്യകുലത്തിന്റെ രക്ഷ സാധ്യമായത് യേശു കുരിശിൽ സ്വയം ബലിയായിത്തീർന്നതിലൂടെയാണ്. യേശു തന്റെ കുരിശുമരണവും ഉത്ഥാനവുംവഴി പാപത്തെയും മരണത്തെയും പരാജയപ്പെടുത്തി മനുഷ്യകുലത്തിന് പുതുജീവൻ സാധ്യമാക്കി.

കുരിശുമരണംവഴി സാധ്യമാകുന്ന പാപമോചനവും ദൈവികജീവനും എല്ലാക്കാലത്തുമുള്ള മനുഷ്യർക്കും ലഭിക്കണമെന്ന് യേശു ആഗ്രഹിച്ചു. അതിനായി



അന്ത്യഅത്താഴവേളയിൽ അവിടന്ന് പരിശുദ്ധ കുർബാന സ്ഥാപിച്ചു. "ഇതെന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്ന യേശുവിന്റെ കല്പനയനുസരിച്ച് അനുദിനം നാം ദിവ്യബലി അർപ്പിച്ചു പോരുന്നു.

**ദിവ്യകാരുണ്യകൂദാശയുടെ സത്താപരമായ അടയാളങ്ങൾ ഗോതമ്പപ്പവും മുന്തിരിയിൽ നിന്നുള്ള വീഞ്ഞുമാണ്.**

അവയുടെമേൽ പരിശുദ്ധാത്മാവിന്റെ അനുഗ്രഹം ഉണ്ടാകാൻ വൈദികൻ പ്രാർത്ഥിക്കുന്നു. യേശു അന്ത്യഅത്താഴവേളയിൽ അരുൾചെയ്തു: "ഇതു നിങ്ങൾക്കായി നല്കപ്പെടുന്ന എന്റെ ശരീരമാണ്........ഇത് എന്റെ രക്തമാകുന്നു.........." എന്നീ കൂദാശാവചനങ്ങൾ വൈദികൻ ഉച്ചരിക്കുന്നു.

ദിവ്യബലിയിൽ അധ്യക്ഷത വഹിക്കാനും അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ ശരീരവും രക്തവുമായിത്തീരാൻ അവ കൂദാശ ചെയ്യാനും മെത്രാന്റെ കൈവയ്പുശുശ്രൂഷയിലൂടെ അഭിഷിക്തനായ വൈദികനുമാത്രമേ അധികാരമുള്ളൂ.



‘കുർബാന’ എന്ന വാക്കിന് ‘സമർപ്പണം’ എന്നാണർത്ഥം.

യേശുവിന്റെ ബലിയിൽ അനുദിനം പങ്കുചേരുന്ന നാമോരോരുത്തരും നമ്മുടെ സഹോദരങ്ങളുടെ നന്മയ്ക്കായി സ്വയം സമർപ്പിക്കാൻ കടപ്പെട്ടിരിക്കുന്നു.

**ബലിയർപ്പണത്തിന്റെ ഫലങ്ങൾ:**

- ★ പാപമോചനം ലഭിക്കുന്നു.
- ★ ദൈവികജീവനിൽ വളരുന്നു.
- ★ ദൈവവുമായുള്ള ഐക്യം ശക്തമാകുന്നു.
- ★ സഭയുടെ കൂട്ടായ്മയിൽ വളരുന്നു.

നമ്മുടെ രക്ഷയ്ക്കുവേണ്ടിയാണ് യേശു കുരിശിൽ മരിച്ചത്. കുരിശിലെ യേശുവിന്റെ ബലി നമ്മോടുള്ള സ്നേഹത്തിന്റെ വലിയ അടയാളമാണ്. മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി ജീവിക്കുമ്പോഴാണ് നാം യേശുവിന്റെ പ്രിയശിഷ്യരായി മാറുന്നത്. മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരെ സഹായിക്കുകയും ത്യാഗമനുഷ്ഠിക്കുകയും ചെയ്യുമ്പോൾ നാം യേശുവിന്റെ ബലിയിൽ പങ്കുകാരാകുന്നു.

യേശു കുരിശിൽ ബലിയായിത്തീർന്നതിലൂടെ നമുക്കു ലഭിച്ച അനുഗ്രഹങ്ങൾ എന്തെല്ലാമെന്ന് എഴുതുക.

1. ____________________

2. ____________________

3. ____________________

4. ____________________

അബ്രാഹം ഇസഹാക്കിനെ ബലിയർപ്പിക്കുന്ന ചിത്രത്തിന് നിറം കൊടുത്ത് താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക:



1. ആരുടെ നിർദ്ദേശപ്രകാരമാണ് പിതാവായ അബ്രാഹം ഇസഹാക്കിനെ ബലിയർപ്പിക്കാൻ തയ്യാറായത്?

2. എവിടെയാണ് അബ്രാഹം ബലിപീഠമൊരുക്കിയത്?

3. ഇസഹാക്കിനെ ബലിയർപ്പിക്കുന്നതിൽനിന്ന് അബ്രാഹത്തെ പിന്തിരിപ്പിച്ച സംഭവം വിവരിക്കുക.

**പഴയനിയമബലിയുടെ ലക്ഷ്യം:**

★ ദൈവത്തെ ആരാധിക്കുക

★ ദൈവത്തിനു നന്ദിപറയുക

★ പാപങ്ങൾക്ക് മാപ്പപേക്ഷിക്കുക

★ ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുക



**പത്രവാർത്ത ശേഖരിക്കുക:**

സ്വന്തം ജീവൻ പണയപ്പെടുത്തി മറ്റുള്ളവരുടെ ജീവൻ രക്ഷിച്ച് ധീരതയ്ക്കുള്ള അവാർഡ് സ്വന്തമാക്കിയ കുട്ടികളെക്കുറിച്ചുള്ള പത്രവാർത്തകൾ.

### ഉത്തരം കണ്ടെത്താം

1. സ്നേഹിതനുവേണ്ടി സ്വജീവൻ ബലിയർപ്പിക്കണമെന്ന യേശുവിന്റെ കല്പന മാക്സിമില്യൻ കോൾബേ എങ്ങനെ പ്രാവർത്തികമാക്കി?
2. എന്തിനാണ് ദൈവം തന്റെ ഏകജാതനെ ഭൂമിയിലേക്കയച്ചത്?
3. യേശു മനുഷ്യകുലത്തിന്റെ രക്ഷ സാധ്യമാക്കിയതെങ്ങനെ?
4. എന്തിനാണ് യേശു പരിശുദ്ധ കുർബാന സ്ഥാപിച്ചത്?
5. കുർബാന എന്ന വാക്കിന്റെ അർത്ഥമെന്ത്?



### നമുക്കുപാടാം

യേശുകുമാരൻ കാൽവരിയിൽ
ദൈവപിതാവിനു ബലിയായി
മാനവരക്ഷയ്ക്കായവിടത്തെ –
പുത്രൻ കുരിശിൽ ബലിയായി

രക്ഷാകരമീ ബലിയാൽ നാം
പാപവിമോചിതരായീടും
അപരനു ജീവിതമർപ്പിക്കാൻ
പ്രേരണയാകണമീയാഗം



### നമുക്കു പ്രാർത്ഥിക്കാം

ഞങ്ങളുടെ രക്ഷയ്ക്കായി ജീവൻ ബലിയർപ്പിച്ച യേശുവേ, അങ്ങയെപ്പോലെ ഞങ്ങളുടെ സഹോദരങ്ങളുടെ നന്മയ്ക്കായി സ്വയമർപ്പിക്കാൻ ഞങ്ങളെ പഠിപ്പിക്കണമേ.



### നമുക്കു ദൈവവചനം ഓർമ്മിക്കാം

“നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധമുണ്ടെന്ന് അവിടെ വച്ച് ഓർത്താൽ, കാഴ്ചവസ്തു അവിടെ ബലിപീഠത്തിനുമുമ്പിൽ വച്ചിട്ട് പോയി സഹോദരനോടു രമ്യതപ്പെടുക; പിന്നെ വന്നു കാഴ്ചയർപ്പിക്കുക” (മത്താ. 5:23-24).

### മന:പാഠമാക്കാം

ദൈവത്തെയൊഴികെ മറ്റൊന്നും കാണാതിരിക്കാനും അവിടത്തേക്കു വേണ്ടിമാത്രം അധ്വാനിക്കാനുമായി വിശുദ്ധർ തങ്ങളെത്തന്നെ പരിത്യജിച്ചു. അവിടത്തെ കണ്ടെത്തുന്നതിനുവേണ്ടി അവർ സൃഷ്ടവസ്തുക്കൾ വിസ്മരിച്ചു. ഇതാണ് സ്വർഗത്തിലേക്കുള്ള വഴി (വിശുദ്ധ ജോൺ മരിയ വിയാനി).

പാഠം അഞ്ച്

# വിശുദ്ധ കുർബാന

## ആഘോഷവും ജീവിതവും



വിവാഹവിരുന്നിൽ പങ്കെടുക്കാത്തവർ നമ്മിലാരുണ്ട്? അതിഥികളെയെല്ലാം ക്ഷണിച്ചശേഷം ഗൃഹനാഥൻ സ്വാദിഷ്ഠമായ സദ്യയൊരുക്കി അതിഥികൾക്കായി കാത്തിരിക്കും. ക്ഷണിക്കപ്പെട്ട അതിഥികളെല്ലാം വന്നുചേരുമ്പോൾ ഗൃഹനാഥന്റെ സന്തോഷം ഇരട്ടിയാകും. ഗൃഹനാഥനൊരുക്കിയ സ്വാദിഷ്ഠമായ വിഭവങ്ങൾ ആസ്വദിച്ചശേഷമേ നമ്മൾ മടങ്ങാറുള്ളൂ.

ഒരിക്കൽ ഒരു രാജാവ് തന്റെ മകന്റെ വിവാഹവിരുന്നൊരുക്കിയ കഥ യേശു പറഞ്ഞു. സ്വാദിഷ്ഠമായ വിഭവങ്ങളൊരുക്കി രാജാവ് അതിഥികളെ കാത്തിരുന്നു. പലകാരണങ്ങൾ പറഞ്ഞ് ക്ഷണിക്കപ്പെട്ടവർ ഒഴിഞ്ഞുമാറി. കോപിഷ്ടനായ രാജാവ് ഭൃത്യന്മാരെ അയച്ച് വഴിവക്കിൽ കണ്ടവരെയെല്ലാം വിളിച്ച് വിരുന്നുകൊടുത്തു. അക്കൂട്ടത്തിൽ വിവാഹവസ്ത്രം ധരിക്കാതെ വിരുന്നിനെത്തിയ ഒരാളെ രാജാവ് വിരുന്നുശാലയിൽ നിന്നു പുറത്താക്കി (മത്താ. 22:1-14).



നമ്മുടെ ദൈവാലയങ്ങളിലും അനുദിനം ഇതുപോലെ ഒരു വിരുന്ന് ആഘോഷിക്കുന്നുണ്ട്. പിതാവായ ദൈവമാണ് അനുദിനമുള്ള ഈ വിരുന്ന് നമുക്കായി ഒരുക്കുന്നത്. തന്റെ പുത്രനായ യേശുക്രിസ്തുവിന്റെ തിരുശരീരവും തിരുരക്തവും ഈ വിരുന്നിൽ ഭക്ഷണവും പാനീയ

വുമായി നമുക്കു നല്കുന്നു. ദൈവപിതാവ് അനുദിനം നമുക്കൊരുക്കുന്ന ഈ വിരുന്നാണ് പരിശുദ്ധ കുർബാന.

സാധാരണമായി ഒരു വിരുന്നിനുപോകുമ്പോൾ കുളിച്ചൊരുങ്ങി ഏറ്റവും നല്ലതും മോടിയേറിയതുമായ വസ്ത്രങ്ങൾ ധരിച്ചാണല്ലോ നാം പോകുന്നത്. ദൈവം നമുക്കായി ഒരുക്കുന്ന യേശുവിന്റെ ഈ ബലിയിൽ പങ്കെടുക്കുമ്പോൾ നമ്മുടെ മനസ്സും ശരീരവും ശുദ്ധമായിരിക്കണം. അനുതപിച്ച് പാപങ്ങൾ ഏറ്റുപറഞ്ഞ് സംശുദ്ധരായി വേണം വിശുദ്ധ കുർബാനയാകുന്ന വിരുന്നിൽ അനുദിനം നാം പങ്കെടുക്കാൻ.



**പരിശുദ്ധപരമ ദിവ്യകാരുണ്യത്തിന് എന്നേരവും ആരാധനയും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ.**

വിശുദ്ധ കുർബാനയിൽ സന്നിഹിതനായിരിക്കുന്ന യേശുവിനെ നാം ആരാധിക്കുന്നു.

അന്ത്യഅത്താഴവേളയിലാണ് വിശുദ്ധ കുർബാനയാകുന്ന വിരുന്ന് യേശു സ്ഥാപിച്ചത്. വിശുദ്ധകുർബാനയിലൂടെ മനുഷ്യവംശത്തോടൊപ്പം എന്നും ആയിരിക്കാൻ യേശു ആഗ്രഹിച്ചു.

വിശുദ്ധ കുർബാനയിൽ യേശു യഥാർത്ഥമായും സന്നിഹിതനായിരിക്കുന്നു.

വിശുദ്ധ കുർബാന നിത്യജീവന്റെ ഭോജനമാണ്. ഈ വിരുന്നിൽ പങ്കുചേർന്ന് അവിടത്തെ തിരുശരീരവും തിരുരക്തവും ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യുന്ന ഏവർക്കും നിത്യജീവൻ ലഭിക്കുമെന്ന് യേശു പഠിപ്പിച്ചിട്ടുണ്ട്.

**"എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാനദിവസം ഞാനവനെ ഉയിർപ്പിക്കും" (യോഹ. 6:54).**

## വിശുദ്ധകുർബാന ഐക്യത്തിന്റെ കൂദാശയാണ്.

വിശുദ്ധ കുർബാനയാണ് (അപ്പം മുറിക്കൽ ശുശ്രൂഷ) ആദിമ സഭയിലെ ക്രിസ്ത്യാനികളെ സ്നേഹത്തിലും ഐക്യത്തിലും ഒരുമിച്ചു നിർത്തിയത്. അവർ ഏകമനസ്സോടെ താത്പര്യപൂർവം അനുദിനം ദൈവാലയത്തിൽ ഒരുമിച്ചു കൂടുകയും ഭവനം തോറും അപ്പം മുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടുംകൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു (നട. 2:46).

വിശുദ്ധ കുർബാനവഴി നമ്മെ ഒന്നിപ്പിക്കുന്ന സ്നേഹത്താൽ ദൈവത്തോടും സഹോദരങ്ങളോടും നാം ഐക്യത്തിൽ ജീവിക്കുന്നു.

"അപ്പം ഒന്നേയുള്ളൂ. അതിനാൽ, പലരായിരിക്കുന്ന നാം ഒരു ശരീരമാണ്" (1 കൊറി. 10:17).

## വിശുദ്ധ കുർബാനയിലെ പ്രധാനഭാഗങ്ങൾ

വിശുദ്ധ കുർബാന പ്രധാനമായും നാലു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു:

**പ്രാരംഭകർമ്മങ്ങൾ**

**വചന പ്രഘോഷണ കർമ്മം**

**സ്തോത്രയാഗകർമ്മം**

**സമാപനകർമ്മങ്ങൾ**



### ഒന്നാം ഭാഗം: പ്രാരംഭ കർമ്മം

- അൾത്താരയിലേക്കുള്ള പ്രദക്ഷിണം.
- ജനങ്ങളെ അഭിവാദനം ചെയ്യൽ.
- അനുതാപ കർമ്മം.
- വിശ്വാസിസമൂഹത്തിനായുള്ള സമിതിപ്രാർത്ഥന.



### രണ്ടാം ഭാഗം : ദൈവവചനപ്രഘോഷണകർമ്മം

- ഒന്നാം വായന.
- പ്രതിവചനസങ്കീർത്തനം (പഴയനിയമത്തിൽ നിന്ന്).
- രണ്ടാം വായന (പുതിയ നിയമത്തിൽ നിന്ന്).
- അല്ലേലൂയ (ദൈവത്തിനു സ്തുതി).

- സുവിശേഷ പ്രഘോഷണം.
- പ്രസംഗം.
- വിശ്വാസപ്രമാണം.
- വിശ്വാസികളുടെ പ്രാർത്ഥന.



## മൂന്നാം ഭാഗം : സ്തോത്രയാഗകർമ്മം

- കാഴ്ചവയ്പു പ്രദക്ഷിണം
- കാഴ്ചദ്രവ്യങ്ങൾ ഒരുക്കൽ
- നൈവേദ്യ പ്രാർത്ഥന
- ആമുഖഗീതി (പരിശുദ്ധൻ)
- സ്തോത്രയാഗപ്രാർത്ഥന
- ദിവ്യകാരുണ്യസ്വീകരണകർമ്മം
- ദിവ്യഭോജനപ്രാർത്ഥന



## നാലാം ഭാഗം : സമാപനകർമ്മങ്ങൾ

- അഭിവാദനം
- ആശീർവാദം
- ജനങ്ങളെ പറഞ്ഞയയ്ക്കൽ
- അൾത്താര വണക്കം

ഒരുമിച്ചിരുന്നു ഭക്ഷണംകഴിക്കുന്ന കുടുംബങ്ങളിൽ പരസ്പരസ്നേഹവും ബന്ധവും ദൃഢമായിരിക്കും. ഇടവക വലിയൊരു കുടുംബമാണ്. ഇടവകാംഗങ്ങൾ ഒരുമിച്ച് യേശുവിന്റെ ബലിയിൽ പങ്കുചേരുകവഴി വിശ്വാസികളുടെ പരസ്പരബന്ധവും സ്നേഹവും ദൃഢതരമാകുന്നു. അങ്ങനെ വിശുദ്ധകുർബാന വിശ്വാസിസമൂഹത്തിന്റെ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും കൂദാശയായി മാറുകയും ചെയ്യുന്നു.

## പരിചയപ്പെടുക



അൾത്താര



കാസ



ജ്ഞാനസ്നാനത്തൊട്ടി



സക്രാരി



വായനപീഠം

**വിശുദ്ധ കുർബാനയുടെ മറ്റ് വിശേഷണങ്ങൾ ഏതെല്ലാമെന്ന് കണ്ടുപിടിച്ചെഴുതുക:**

**വിശുദ്ധ കുർബാന:**

കൃതജ്ഞതാ പ്രകാശനം

ആഘോഷം

ഓർമ്മ

എപ്പോഴെല്ലാമാണ് വിശുദ്ധകുർബാനയിൽ വിശ്വാസിസമൂഹം എഴുന്നേറ്റു നില്ക്കുന്നത്, ഇരിക്കുന്നത്, മുട്ടുകുത്തുന്നത് എന്ന് എഴുതുക.



**ലൂക്കാ 24: 13 -35 -ലെ എമ്മാവൂസ് അനുഭവം അഭിനയിച്ചു കാണിക്കുക.**

## നമുക്ക് ഓർത്തിരിക്കാം:

### വിശുദ്ധ കുർബാന ബലിയാണ്:

യേശുവിന്റെ ബലി വീണ്ടും നമുക്കു സന്നിഹിതമാക്കിത്തരുന്ന കൂദാശയാണ് വിശുദ്ധ കുർബാന. ജീവിച്ചിരിക്കുന്നവരുടെയും മരിച്ചവരുടെയും പാപങ്ങൾ പൊറുക്കുന്നതിനും ആധ്യാത്മികവും ഭൗതികവുമായ നന്മകൾ ലഭിക്കുന്നതിനും ഈ ബലി അർപ്പിക്കപ്പെടുന്നു. ഈ ബലി വഴി ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും പാപപ്പൊറുതി ലഭിക്കുന്നു. ആദ്ധ്യാത്മികവും ഭൗതികവുമായ നന്മകൾ നമുക്കു ലഭിക്കുന്നു. യേശുവിന്റെ ബലിയിൽ നമ്മെ ഭാഗഭാക്കുകളാക്കുന്ന കൂദാശയാണിത്.

### വിശുദ്ധ കുർബാന സ്നേഹവിരുന്നാണ്:

വിശുദ്ധ കുർബാന യേശു നമുക്കായി അനുദിനമൊരുക്കുന്ന സ്നേഹവിരുന്നാണ്. അവിടത്തെ ശരീരവും രക്തവും നാം ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നു. അതുവഴി നമ്മളും യേശുവിൽ ഒന്നാകുന്നു. തികഞ്ഞ യോഗ്യതയോടെ അവിടത്തെ തിരുശരീരവും തിരുരക്തവും നാം സ്വീകരിക്കണം.

### വിശുദ്ധ കുർബാന ഐക്യത്തിന്റെ കൂദാശയാണ്:

ഒരേ ശരീരം ഭക്ഷിക്കുന്ന നമ്മെ പരസ്പരം ഐക്യപ്പെടുത്തുന്ന കൂദാശയാണിത്. ആദിമ സഭയിലെപ്പോലെ ഏകമനസ്സോടെ സ്നേഹിച്ചും പങ്കുവച്ചും നാം ജീവിക്കണം. എല്ലാവരെയും സമഭാവനയോടെ കാണണം.

തന്റെ പുത്രനെ നമുക്കു നല്കിയ പിതാവായ ദൈവത്തിന്, ദൈവപുത്രനായ യേശുവിനോടു ചേർന്ന് നാം നന്ദിപറയുന്നു.

### വിശുദ്ധ കുർബാന അനുസ്മരണമാണ്:

യേശു അർപ്പിച്ച പെസഹാബലി പുനരാവിഷ്കരിക്കുന്ന അനുസ്മരണമാണ് വിശുദ്ധ കുർബാന.

### വിശുദ്ധ കുർബാന ആഘോഷമാണ്:

യേശുവിലുള്ള നമ്മുടെ വിശ്വാസത്തിന്റെയും പരസ്പര സ്നേഹത്തിന്റെയും ആഘോഷമാണ് വിശുദ്ധ കുർബാന.

വിശുദ്ധ കുർബാനയിൽ പങ്കുചേരുന്ന നമ്മൾ ഒരുക്കത്തോടും ഭക്തിയോടും കൂടെ ദിവ്യകാരുണ്യം സ്വീകരിക്കണം.

## ഉത്തരം കണ്ടെത്താം

1. വിശുദ്ധ കുർബാനയെ വിരുന്ന് എന്നു വിളിക്കുന്നത് എന്തുകൊണ്ട്?
2. വിശുദ്ധ കുർബാന ഐക്യത്തിന്റെ കൂദാശയാണെന്നു പറയുന്നതെന്തുകൊണ്ട്?
3. വിശുദ്ധ കുർബാനയിൽ അപ്പവും വീഞ്ഞും യേശുവിന്റെ തിരുശരീരരക്തങ്ങളാകുന്നതെപ്പോഴാണ്?
4. വിശുദ്ധ കുർബാനയിലെ നാലുഘട്ടങ്ങൾ ഏവ?
5. ആദിമസഭയെ ഐക്യത്തിൽ നിലനിർത്താൻ അപ്പംമുറിക്കൽശുശ്രൂഷ എങ്ങനെ സഹായകമായി?

## നമുക്കു പാടാം



ആദിമസഭയുടെ ചൈതന്യത്തിൽ
നിറയാനുതകും ദിവ്യബലി
അനുദിനമാദരവാലണയേണ്ടും
സ്നേഹവിരുന്നീ ദിവ്യബലി

ദിവ്യശരീരവുമതുപോൽ തവ തിരു-
നിണവും നല്കും സ്നേഹബലി
അൾത്താരയിലനുനിമിഷം വാഴും
ഈശോയ്ക്കേകാം സ്തുതിഗീതം

## നമുക്കു പ്രാർത്ഥിക്കാം

ദിവ്യകാരുണ്യനാഥാ, അങ്ങയെ കൂടക്കൂടെ
അനുഭവിക്കാൻ ഞങ്ങളെ സഹായിക്കണമേ.





## നമുക്കു ദൈവവചനം ഓർമ്മിക്കാം

"ദൈവത്തിന്റെ അപ്പം സ്വർഗത്തിൽ നിന്നിറങ്ങിവന്ന് ലോകത്തിന് ജീവൻ നല്കുന്നതത്രേ" (യോഹ. 6:33).

## വിശുദ്ധ കുർബാന യോഗ്യതയോടെ കൈക്കൊള്ളേണ്ടതിന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

1. ദൈവവരപ്രസാദം ഉണ്ടായിരിക്കുക.
2. ദിവ്യകാരുണ്യസ്വീകരണത്തിനുമുമ്പ് ഒരു മണിക്കൂർനേരത്തേക്ക് ഉപവസിക്കുക (വെള്ളം കുടിക്കുന്നത് ഉപവാസലംഘനമല്ല).
3. വേണ്ടത്ര ഭക്തിയും ഒരുക്കവും ഉണ്ടായിരിക്കുക.

പാഠം ആറ്

# അനുരഞ്ജനം



മിനിയും ജോസും നല്ല അയല്ക്കാരും സുഹൃത്തുക്കളുമായിരുന്നു. അവർ പഠിക്കാൻ പോയിരുന്നതും വിശ്വാസപരിശീലനക്ലാസ്സിൽ പോയിരുന്നതുമെല്ലാം ഒരുമിച്ചാണ്. ഒരു ദിവസം അവരുടെ മാതാപിതാക്കൾ തമ്മിൽ ശണ്ഠകൂടി. ഇതിന്റെ പേരിൽ മിനിയും ജോസും തമ്മിലും വഴക്കായി. അവർ പരസ്പരം മിണ്ടാതായി. അവരുടെ അയൽപക്കബന്ധവും സുഹൃദ്ബന്ധവും പാടേ തകർന്നു. സുഹൃത്തുക്കളായിരുന്നപ്പോൾ അവർക്കിടയിൽ ഉണ്ടായിരുന്ന സന്തോഷാനുഭവങ്ങൾ ഓർത്ത് അവർ വേദനിച്ചു. വിവരമറിഞ്ഞ വികാരിയച്ചൻ അവരുടെ മാതാപിതാക്കളെ വിളിച്ചുവരുത്തി. നാം ദൈവമക്കളാണെന്ന് വികാരിയച്ചൻ അവരെ ഓർമ്മിപ്പിച്ചു. നാം പരസ്പരം കലഹിക്കുമ്പോൾ ദൈവം നമ്മെക്കാൾ കൂടുതൽ വേദനിക്കുമെന്നും നമുക്കിടയിലെ അകല്ച്ച നമ്മെ ദൈവത്തിൽനിന്ന് അകറ്റുമെന്നും വികാരിയച്ചൻ അവരോടു പറഞ്ഞു. അവർ തെറ്റ് മനസ്സിലാക്കി പരസ്പരം രമ്യതപ്പെട്ടു. അവർ വികാരിയച്ചന് നന്ദിപറഞ്ഞു. ദൈവത്തെ സ്തുതിച്ച് വീട്ടിലേക്കു മടങ്ങി.

ദൈവസ്നേഹത്തിന്റെ നിരസനമാണ് പാപം എന്നു നാം പഠിച്ചിട്ടുണ്ടല്ലോ. അതിനാൽ തെറ്റുകൾ തിരുത്തി ദൈവത്തോടും സഹോദരങ്ങളോടും നാം അനുരഞ്ജനപ്പെടണം.

**പാപം നമ്മെ അശുദ്ധരാക്കുന്നു.**
**പാപമോചനംവഴി നാം ശുദ്ധീകൃതരാകുകയും**
**ദൈവസ്നേഹത്തിൽ വളരുകയും ചെയ്യുന്നു.**

ചെയ്തുപോയ തെറ്റുകളെക്കുറിച്ചോർത്ത് പശ്ചാത്തപിക്കുകയും പ്രായശ്ചിത്തം ചെയ്യുകയും ചെയ്ത ഒരാളെ ബൈബിളിൽനിന്ന് നമുക്കു പരിചയപ്പെടാം.



സക്കേവൂസ് എന്നായിരുന്നു അയാളുടെ പേര്. അയാൾ ചുങ്കക്കാരനും ധനാഢ്യനുമായിരുന്നു. അയാൾ യേശുവിനെ കാണാൻ തീവ്രമായി ആഗ്രഹിച്ചു. ഉയരം കുറവായിരുന്ന സക്കേവൂസ് യേശുവിനെ കാണാൻ ഒരു സിക്കമൂർമരത്തിൽ കയറിയിരുന്നു. യേശു അവനെ നോക്കി പറഞ്ഞു: "സക്കേവൂസ്, നീ വേഗം ഇറങ്ങി വരുക. ഇന്നെനിക്ക് നിന്റെ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു". അവൻ തിടുക്കത്തിൽ ഇറങ്ങിവന്ന് യേശുവിനെ സ്വീകരിച്ച് തന്റെ ഭവനത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി.

സക്കേവൂസ് അത്യന്തം അനുതാപത്തോടെ പറഞ്ഞു: "കർത്താവേ, ഇതാ, എന്റെ സ്വത്തിൽ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നു. ആരുടെയെങ്കിലും വക വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ നാലിരട്ടിയായി തിരിച്ചു കൊടുക്കുന്നു" (ലൂക്കാ 19:8).

സക്കേവൂസിനോട് യേശു പറഞ്ഞു:

"ഇന്ന് ഈ ഭവനത്തിന് രക്ഷ ലഭിച്ചിരിക്കുന്നു" (ലൂക്കാ 19:9).

സക്കേവൂസ് പാപിയായിരുന്നു. യേശുവിന്റെ സ്നേഹം അയാളെ അനുതാപത്തിലേക്കു നയിച്ചു, അയാളും കുടുംബവും രക്ഷ പ്രാപിച്ചു.

**സ്നേഹം തന്നെയായ ദൈവത്തിന്റെ പ്രമാണങ്ങൾ**
**ലംഘിക്കുന്നതോ തിരസ്കരിക്കുന്നതോ ആണ് പാപം.**

## പാപം പൊതുവേ രണ്ടുവിധമുണ്ട്:

✦ ഉദ്ഭവപാപം ✦ കർമ്മപാപം

- ആദിമാതാപിതാക്കളുടെ പാപത്തിന്റെ ഫലമായി നാം ജനിക്കുന്നത് ഉദ്ഭവപാപത്തോടെയാണ്.
- നന്മതിന്മകൾ തിരിച്ചറിയാൻ പ്രാപ്തിയുള്ള വ്യക്തി സ്വന്തം മനസ്സാൽ ചെയ്യുന്ന (അറിവോടും സമ്മതത്തോടും കാര്യഗൗരവത്തോടും കൂടെ) ദൈവപ്രമാണങ്ങളുടെയും തിരുസഭാകല്പനകളുടെയും ലംഘനമാണ് കർമ്മപാപം.

## കർമ്മപാപം രണ്ടു വിധമുണ്ട്:

✦ മാരകപാപം ✦ ലഘുപാപം

- ദൈവപ്രമാണങ്ങളുടെയും തിരുസഭാകല്പനകളുടെയും ഘനമായ ലംഘനം മാരകപാപമാകുന്നു. അതുവഴി, നിത്യജീവനുള്ള നമ്മുടെ അവകാശം നഷ്ടമാകുന്നു. അതുകൊണ്ടാണ് ഇതിനെ മാരകപാപം എന്നു വിളിക്കുന്നത്. മാരകപാപം ചെയ്ത ഒരു വ്യക്തിയും കുമ്പസാരിക്കാതെ ദിവ്യകാരുണ്യം സ്വീകരിക്കരുത്.
- ദൈവപ്രമാണങ്ങളോ തിരുസഭയുടെ കല്പനകളോ ലഘുവായി ലംഘിക്കുകയോ പൂർണഅറിവും മനസ്സുമില്ലാതെ ലംഘിക്കുകയോ ചെയ്യുന്നത് ലഘുപാപമാകുന്നു.

**പാപം പ്രാഥമികമായി ദൈവത്തിനെതിരേയുള്ള ദ്രോഹമാണ്. പാപം അവിടത്തോടുള്ള ബന്ധം വിച്ഛേദിക്കുന്നു. അതുവഴി, സഭയോടുള്ള ബന്ധത്തിനും ക്ഷതമേല്ക്കുന്നു. പാപം ചെയ്യുന്നതുവഴി നമുക്ക് ദൈവവരപ്രസാദം നഷ്ടമാകുന്നു. നാം ദൈവത്തിൽ നിന്ന് അകലുന്നു. നമ്മുടെ മനസ്സമാധാനവും സന്തോഷവും നഷ്ടപ്പെടുന്നു. മറ്റുള്ളവരിൽ നിന്നും സമൂഹത്തിൽ നിന്നും അകലുന്നു. അനുതപിക്കാതെ പാപത്തിൽത്തന്നെ മരിക്കുന്നവർക്ക് നിത്യനാശമാണ് ഫലം.**

| പാപംമൂലം തകരുന്ന ബന്ധങ്ങൾ: |
|---|
| ദൈവത്തോടുള്ള ബന്ധം, സഹജീവികളോടുള്ള ബന്ധം, സഭയോടുള്ള ബന്ധം, സമൂഹവുമായുള്ള ബന്ധം, പ്രകൃതിയോടുള്ള ബന്ധം |

പാപംമൂലം തകർന്ന ബന്ധങ്ങൾ കൂട്ടിയോജിപ്പിക്കാനും നമ്മെ നിത്യരക്ഷയിലേക്കു നയിക്കാനും ദൈവം ആഗ്രഹിക്കുന്നു. യേശു മനുഷ്യനായി അവതരിച്ചതുതന്നെ, നഷ്ടപ്പെട്ട ബന്ധങ്ങൾ കോർത്തിണക്കി പിതാവായ ദൈവവുമായി അനുരഞ്ജനപ്പെടുത്താനാണ്. അവിടന്ന് പീഡകൾ സഹിച്ചു മരിച്ച് ഉത്ഥാനം ചെയ്തതുവഴിയാണ് ഈ അനുരഞ്ജനം സാധ്യമായത്.

അനുരഞ്ജനം എന്ന കൂദാശ സ്ഥാപിച്ചുകൊണ്ട് പാപം മോചിപ്പിക്കാനുള്ള അധികാരം യേശു അപ്പസ്തോലന്മാർക്കു നല്കി.

**"നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ. 20:23).**

## അനുരഞ്ജനം എന്ന കൂദാശയുടെ ഫലങ്ങൾ:



* ദൈവപിതാവിന്റെ ക്ഷമിക്കുന്ന സ്നേഹവും കാരുണ്യവും നാം അനുഭവിക്കുന്നു.
* ദൈവപുത്രനായ യേശുവിനെ കരുണാമയനായ വിധികർത്താവായി നാം കണ്ടുമുട്ടുന്നു.
* നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടുന്നു.
* നാശത്തിന്റെ പാതയിൽനിന്ന് രക്ഷയുടെ പാതയിലേക്കു നയിക്കുന്നു.
* ദൈവത്തോടും സഭയോടും അയല്ക്കാരോടും നാം അനുരഞ്ജനപ്പെടുന്നു.
* നഷ്ടപ്പെട്ട ദൈവവരപ്രസാദം തിരികെ കിട്ടുന്നു.
* തകർന്ന ബന്ധങ്ങൾ നവീകരിക്കപ്പെടുന്നു.

പാപം നമ്മുടെ ബന്ധങ്ങൾ തകർക്കുന്നു.
ദൈവത്തിൽനിന്നും മനുഷ്യരിൽനിന്നും നമ്മെ അകറ്റുന്നു.
നമുക്കു നമ്മോടുതന്നെ വെറുപ്പുതോന്നുന്നു.
നാം ചെയ്യുന്ന പാപത്തിന്റെ ഫലങ്ങൾ നമ്മുടെ സമൂഹത്തെയും ബാധിക്കുന്നു.
നാം പാപത്തിൽനിന്ന് അകന്നു ജീവിക്കണം.
എന്നാൽ പാപത്തിൽ വീഴാൻ ഇടയായാൽ അനുതപിച്ച്
അനുരഞ്ജനം എന്ന കൂദാശവഴി പാപമോചനം നേടണം.
ദൈവകൃപയാൽ വീണ്ടും നിറയണം.
നമ്മുടെ ബന്ധങ്ങൾ സുദൃഢമാക്കണം.

പാപജീവിതം ഉപേക്ഷിച്ച് രക്ഷയിലേക്കു കടന്നുവന്ന ചില വ്യക്തികളെ ബൈബിളിൽ നിന്ന് പരിചയപ്പെടാം. ഉചിതമായ കാര്യങ്ങൾ കണ്ടുപിടിച്ച് താഴെ കാണുന്ന കോളങ്ങൾ പൂരിപ്പിക്കുക:

| പേര് | പ്രവൃത്തി | മാനസാന്തരഫലം |
|---|---|---|
| സക്കേവൂസ് | അനീതി ചെയ്ത് സ്വത്ത് സമ്പാദിച്ചു | സമ്പാദിച്ചവ നാലിരട്ടിയായി തിരിച്ചു കൊടുത്ത് സ്വഭവനത്തിന് രക്ഷ കൈവരുത്തി |
| പത്രോസ് | ഗുരുവിനെ തള്ളിപ്പറഞ്ഞു | അനുതപിച്ചു കരഞ്ഞ് സഭയുടെ തലവനായി ഉയർത്തപ്പെട്ടു |
| പൗലോസ് | ക്രിസ്ത്യാനികളെ വധിച്ചു കൊണ്ടിരുന്നു. | |
| സമരിയക്കാരി | പാപിനിയായി ജീവിച്ചു | |
| യൂദാസ് | ഗുരുവിനെ ഒറ്റിക്കൊടുത്തു | |

**അനുരഞ്ജനകൂദാശയിലെ വിവിധഘട്ടങ്ങൾ:**

ആത്മശോധനചെയ്ത് പാപങ്ങളെല്ലാം ഓർക്കുകയും പാപങ്ങളെക്കുറിച്ച് പശ്ചാത്തപിക്കുകയും ചെയ്യുന്നു.

കുമ്പസാരത്തിനുള്ള ജപം ചൊല്ലിയശേഷം പാപങ്ങളെല്ലാം വൈദികനോട് ഏറ്റുപറയുന്നു.

മേലിൽ പാപം ചെയ്യുകയില്ലെന്ന് ദൃഢപ്രതിജ്ഞ ചെയ്യുന്നു. (മനസ്താപപ്രകരണം ചൊല്ലുന്നു).

വൈദികൻ കല്പിക്കുന്ന പ്രായശ്ചിത്തം നിറവേറ്റുന്നു.

പ്രാർത്ഥന, കാരുണ്യപ്രവൃത്തികൾ, പരിത്യാഗപ്രവൃത്തികൾ എന്നിവവഴി നമ്മുടെ പാപത്തിനു പരിഹാരം ചെയ്ത് എല്ലാവരുമായി രമ്യതയിലെത്തുന്നു.

**മനസ്താപം രണ്ടു വിധമുണ്ട്:**

**പൂർണമനസ്താപവും അപൂർണമനസ്താപവും.**

നമ്മുടെ തെറ്റുകൾ ദൈവം നമ്മോടു ക്ഷമിക്കുന്നു. നമ്മോടു തെറ്റു ചെയ്യുന്നവരോട് നമ്മളും ക്ഷമിക്കേണ്ടതാണ്.

പാപമോചനത്തിനുള്ള അധികാരം യേശു അപ്പസ്തോലൻമാർക്കു നല്കി. അപ്പസ്തോലന്മാരുടെ പിൻഗാമികളാണ് മെത്രാൻമാർ. മെത്രാൻമാരുടെ സഹകാരികളാണ് വൈദികർ. മെത്രാൻമാർക്കും മെത്രാൻമാർവഴി അധികാരപ്പെടുത്തിയ വൈദികർക്കും മാത്രമേ പാപമോചനം നല്കാൻ അധികാരമുള്ളൂ. അതിനാൽ കുമ്പസാരം വൈദികരോട് നേരിട്ടുതന്നെ നടത്തണം.

വൈദികൻ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ പാപമോചനം നല്കുകവഴി ദൈവത്തോടും സഭയോടും സമൂഹത്തോടും നമ്മോടുതന്നെയും നമ്മെ അനുരഞ്ജനപ്പെടുത്തുന്നു.

അനുരഞ്ജനകൂദാശയിൽ പാപങ്ങളെക്കുറിച്ചുള്ള പശ്ചാത്താപമാണ് ഏറ്റവും പ്രധാനം.

---

**അനുതപിക്കാതെ പാപത്തോടെതന്നെ മരിക്കുന്നവർ നിത്യനാശത്തിൽ നിപതിക്കുന്നു**

---

പാപിനിയായ സ്ത്രീയുടെ കഥ നാടകരൂപത്തിൽ അവതരിപ്പിക്കുക (ലൂക്കാ 7:6-50).

**ഉത്തരം കണ്ടെത്താം**

1. മിനിയുടെയും ജോസിന്റെയും കുടുംബത്തിന് വികാരിയച്ചൻ കൊടുക്കുന്ന ഉപദേശമെന്ത്?
2. സക്കേവൂസിന്റെ ഭവനത്തിന് രക്ഷ കൈവന്നതെപ്പോൾ?
3. പാപത്തിന്റെ ഫലങ്ങൾ ഏവ?
4. അനുരഞ്ജനം എന്ന കൂദാശയുടെ ഫലങ്ങളേവ?
5. പൂർണമനസ്താപവും അപൂർണമനസ്താപവും എന്തെന്ന് മുമ്പു പഠിച്ചിട്ടുള്ളത് (ക്ലാസ്സ് 3 പാഠം-11) ഓർത്തെഴുതുക.
6. അനുതപിക്കാതെ പാപത്തിൽ മരിക്കുന്നവർക്ക് എന്തു സംഭവിക്കുന്നു?



**നമുക്കുപാടാം**

സോദരന്മാരോടകന്നാൽ-നമ്മൾ
സ്നേഹത്തിൽ വീണ്ടുമെത്തേണം
ദൈവത്തിൽ നിന്നുമകന്നാൽ-വീണ്ടും
പശ്ചാത്തപിച്ചു വരേണം

സ്നേഹനിരാസത്തിലൂടെ-നമ്മൾ
പാപങ്ങൾ ചെയ്യുകയല്ലോ
സ്നേഹകാരുണ്യങ്ങളാലോ അനു-
രഞ്ജിതരാകണം നമ്മൾ

### നമുക്കു പ്രാർത്ഥിക്കാം



പശ്ചാത്തപിക്കുന്ന പാപിക്ക് മാപ്പുനല്കുന്ന ദൈവമേ, പാപങ്ങളോർത്ത് പശ്ചാത്തപിക്കാനും അവ ഏറ്റുപറഞ്ഞ് അങ്ങിലേക്കു മടങ്ങിവരാനും ഞങ്ങളെ സഹായിക്കണമേ.

### നമുക്കു ദൈവവചനം ഓർമ്മിക്കാം



യേശു പറഞ്ഞു: "ഞാനും നിന്നെ വിധിക്കുന്നില്ല. പൊയ്ക്കൊള്ളുക, ഇനിമേൽ പാപം ചെയ്യരുത്" (യോഹ. 8:11).

### മന:പാഠമാക്കാം

#### കുമ്പസാരത്തിനുള്ള ജപം

സർവശക്തനായ ദൈവത്തോടും നിത്യകന്യകയായ പരിശുദ്ധമറിയത്തോടും പ്രധാനമാലാഖയായ വിശുദ്ധ മിഖായേലിനോടും വിശുദ്ധ സ്നാപകയോഹന്നാനോടും ശ്ലീഹന്മാരായ വിശുദ്ധ പത്രോസിനോടും വിശുദ്ധ പൗലോസിനോടും വിശുദ്ധ തോമായോടും സകല വിശുദ്ധരോടും പിതാവേ, അങ്ങയോടും ഞാൻ ഏറ്റുപറയുന്നു. വിചാരത്താലും വാക്കാലും പ്രവൃത്തിയാലും ഉപേക്ഷയാലും ഞാൻ വളരെയേറെ പാപം ചെയ്തുപോയി. എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ. ആകയാൽ നിത്യകന്യകയായ പരിശുദ്ധമറിയത്തോടും പ്രധാനമാലാഖയായ വിശുദ്ധ മിഖായേലിനോടും വിശുദ്ധ സ്നാപകയോഹന്നാനോടും ശ്ലീഹന്മാരായ വിശുദ്ധ പത്രോസിനോടും വിശുദ്ധ പൗലോസിനോടും വിശുദ്ധ തോമായോടും സകല വിശുദ്ധരോടും പിതാവേ, അങ്ങയോടും ഞാൻ അപേക്ഷിക്കുന്നു; എനിക്കുവേണ്ടി നമ്മുടെ കർത്താവീശോമിശിഹായോട് പ്രാർത്ഥിക്കണമേ, ആമ്മേൻ.

പാഠം ഏഴ്

# രോഗീലേപനം

അപ്പൂപ്പൻ പറഞ്ഞ നല്ലകഥകൾ കേട്ടാണ് ജെറി വളർന്നത്. അപ്പൂപ്പനെ ഏറെ ഇഷ്ടമായിരുന്നു ജെറിക്ക്. പെട്ടെന്നൊരു ദിവസം അപ്പൂപ്പൻ രോഗശയ്യയിലായി. ഡോക്ടർമാർ ചികിത്സിച്ചെങ്കിലും രോഗം ഭേദമായില്ല. വീട്ടുകാർ ഒത്തിരി വിഷമിച്ചു. മാതാപിതാക്കളോടൊപ്പം ജെറിയും അപ്പൂപ്പനെ പരിചരിച്ചു; അപ്പൂപ്പനുവേണ്ടി പ്രാർത്ഥിച്ചു.

ഒരു വൈദികനെ വിളിക്കണമെന്ന് അപ്പൂപ്പൻ ആവശ്യപ്പെട്ടു. ജെറിയുടെ അപ്പച്ചൻ വികാരിയച്ചനെ വിളിക്കാൻ പോയി. വീട്ടുകാർ അപ്പൂപ്പന്റെ ദേഹം തുടച്ചു വൃത്തിയാക്കി. അദ്ദേഹം കിടന്നിരുന്ന മുറിയിലെ മേശമേൽ വെള്ളത്തുണി വിരിച്ചു. ക്രൂശിതരൂപമെടുത്തു വച്ച് മെഴുകുതിരികൾ കത്തിച്ചു.



വികാരിയച്ചൻ എത്തി, ഒപ്പം അയൽവാസികളും. അവരെല്ലാവരും അപ്പൂപ്പനുവേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. വികാരിയച്ചൻ അദ്ദേഹത്തെ വിശുദ്ധ തൈലം പൂശി; പ്രാർത്ഥിച്ചു. പരിശുദ്ധകുർബാന നല്കി. കുറച്ചു ദിവസങ്ങൾ കഴിഞ്ഞ് അപ്പൂപ്പന്റെ അസുഖമെല്ലാം വിട്ടുമാറി. അദ്ദേഹം കൂടുതൽ ഊർജ്ജസ്വലനായി. ജെറിക്കും മറ്റുള്ളവർക്കും വലിയ സന്തോഷമായി. അവർ ദൈവത്തെ സ്തുതിച്ചു. അപ്പൂപ്പൻ ജെറിക്ക് പുതിയ കഥകൾ പറഞ്ഞു കൊടുത്തു.

ഒരിക്കൽ യേശു യാത്രചെയ്ത് ജെറീക്കോയിൽ എത്തി. വലിയൊരു ജനക്കൂട്ടം യേശുവിന്റെ പിന്നാലേ കൂടി. വഴിയരികിൽ ഭിക്ഷ യാചിച്ചുകൊണ്ടിരുന്ന ഒരു അന്ധൻ പതിവില്ലാത്ത ശബ്ദം കേട്ട് കാരണമന്വേഷിച്ചു. യേശു അതിലൂടെ കടന്നു പോകുന്നുണ്ടെന്നറിഞ്ഞ അയാൾ ഉറക്കെ വിളിച്ചു പറഞ്ഞു: "ദാവീദിന്റെ പുത്രനായ യേശുവേ, എന്നിൽ കനിയണമേ" (ലൂക്കാ 18:38). ആളുകൾ നിശ്ശബ്ദനായിരിക്കാൻ പറഞ്ഞ് അവനെ ശകാരിച്ചു. അവനാകട്ടെ,



കൂടുതൽ ഉച്ചത്തിൽ യേശുവിനെ വിളിച്ചപേക്ഷിച്ചു. അവനെ തന്റെ അടുക്കലേക്കു കൊണ്ടുവരാൻ യേശു കല്പിച്ചു. അന്ധൻ യേശുവിനോടു പറഞ്ഞു: "കർത്താവേ, എനിക്കു കാഴ്ച വീണ്ടുകിട്ടണം"(ലൂക്കാ 18:41). യേശു പറഞ്ഞു: "നിനക്കു കാഴ്ചയുണ്ടാകട്ടെ; നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. തത്ക്ഷണം അവന് കാഴ്ച ലഭിച്ചു. അവൻ ദൈവത്തെ മഹത്ത്വപ്പെടുത്തി യേശുവിന്റെ പിന്നാലേ പോയി" (ലൂക്കാ 18:43).

രോഗികളോട് പ്രത്യേക കരുണയും സ്നേഹവും യേശു പ്രകടിപ്പിച്ചു. രോഗികളും പിശാചു ബാധിതരുമായ അനേകരെ ആളുകൾ യേശുവിന്റെ അടുത്തുകൊണ്ടുവന്നു. അവരെല്ലാവരെയും യേശു സുഖപ്പടുത്തി.

രോഗികളെ സുഖപ്പെടുത്താനുള്ള പ്രത്യേക അധികാരം യേശു തന്റെ ശിഷ്യന്മാർക്കു നല്കി. അവൻ തന്റെ പന്ത്രണ്ടു ശിഷ്യന്മാരെ വിളിച്ച്, അശുദ്ധാത്മാക്കളെ ബഹിഷ്കരിക്കാനും എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്താനും അവർക്ക് അധികാരം നല്കി.

യേശുവിന്റെ കല്പനപ്രകാരം പുറപ്പെട്ട ശിഷ്യന്മാർ അനേകം രോഗികളെ തൈലം പൂശി സുഖപ്പെടുത്തുകയും പിശാചുക്കളെ ബഹിഷ്കരിക്കുകയും ചെയ്തു (മർക്കോ.6:12-13).



യേശുവിന്റെ സ്വർഗാരോഹണത്തിനുശേഷം അപ്പസ്തോലൻമാർ യേശുവിന്റെ നാമത്തിൽ രോഗികളെ സുഖപ്പെടുത്തി (നട. 3:1-10).

ആദിമസഭാവിശ്വാസികളെ വിശുദ്ധ യാക്കോബ് ഉദ്ബോധിപ്പിക്കുന്നതു കാണുക:

"നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകംചെയ്ത് അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും. കർത്താവ് അവനെ എഴുന്നേല്പ്പിക്കും. അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവിടന്ന് അവനു മാപ്പ് നല്കും" (യാക്കോ. 5:14 -15).

പാപം മോചിപ്പിക്കാനും സൗഖ്യം നല്കാനും യേശു അപ്പസ്തോലന്മാർക്കു നല്കിയ അധികാരം സഭയിലൂടെ ഇന്നും തുടർന്നുപോരുന്നു. രോഗീലേപനം എന്ന കൂദാശയിലൂടെയാണ് സഭ ഇത് പ്രാവർത്തികമാക്കുന്നത്.

യേശുവിനെപ്പോലെ സഭയും രോഗികളോട് പ്രത്യേക അനുകമ്പയും സ്നേഹവും പ്രകടിപ്പിക്കുന്നു. രോഗികൾക്കായി പ്രാർത്ഥിക്കുകയും അവരെ ശുശ്രൂഷിക്കുകയും ചെയ്യുന്നു.

**രോഗീലേപനത്തിന്റെ ഫലങ്ങൾ:**

- ഉത്ഥിതനായ ക്രിസ്തുവിനെ രോഗി അനുഭവിക്കുന്നു.
- പരിശുദ്ധാത്മാവിന്റെ ശക്തിയും ചൈതന്യവും സ്വീകരിക്കുന്നു.
- യേശുവിന്റെ പീഡാസഹനങ്ങളിൽ പങ്കുചേരുകവഴി ക്ലേശങ്ങൾ സഹിക്കാൻ ആവശ്യമായ കൃപ ലഭിക്കുന്നു.
- പ്രലോഭനങ്ങൾ നേരിടാനുള്ള ശക്തി ലഭിക്കുന്നു.
- സമാധാനവും സമാശ്വാസവും ലഭിക്കുന്നു.
- രോഗത്തിൽനിന്ന് സൗഖ്യം ലഭിക്കുന്നു.
- പാപത്തിൽനിന്ന് മോചനം ലഭിക്കുന്നു.
- മരണാസന്നനായ രോഗിക്ക് ആവശ്യമായ ശക്തിയും പ്രത്യാശയും ലഭിക്കുന്നു.

**രോഗീലേപനകൂദാശ പരികർമ്മം ചെയ്യുന്ന രീതി:**







- വൈദികൻ ഭവനത്തിലെ എല്ലാവരെയും ത്രിത്വൈകദൈവത്തിന്റെ നാമത്തിൽ അഭിവാദനം ചെയ്തശേഷം ദൈവവചന ശുശ്രൂഷ നടത്തുന്നു.
- എല്ലാവരും ഒരുമിച്ച് രോഗിക്കുവേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന ചൊല്ലുന്നു.
- വൈദികൻ രോഗിയുടെ നെറ്റിയിലും കരങ്ങളിലും രോഗികളുടെ തൈലം പൂശിക്കൊണ്ട് പ്രാർത്ഥിക്കുന്നു: "ഈ വിശുദ്ധ തൈലാഭിഷേകത്താൽ നമ്മുടെ കർത്താവീശോമിശിഹായുടെ സ്നേഹത്തിലും കാരുണ്യത്തിലും കൃപയിലും നിറയാൻ പരിശുദ്ധാത്മാവ് നിന്നെ സഹായിക്കട്ടെ. നിന്റെ പാപങ്ങൾ മോചിപ്പിക്കുന്ന കർത്താവ് നിന്നെ രക്ഷിക്കുകയും സൗഖ്യപ്പെടുത്തുകയും ചെയ്യട്ടെ."

(രോഗീലേപനത്തിനു മുമ്പ് അനുരഞ്ജനകൂദാശയും രോഗീലേപനത്തിനു ശേഷം ദിവ്യകാരുണ്യവും രോഗിക്കു നല്കാവുന്നതാണ്).

സമാപനകർമ്മത്തിൽ രോഗിയെയും വിശ്വാസിസമൂഹത്തെയും വൈദികൻ ആശീർവദിക്കുന്നു.

## എപ്പോഴെല്ലാം രോഗീലേപനം സ്വീകരിക്കാം ?

വലിയ ശസ്ത്രക്രിയകൾക്കു വിധേയരാകുന്നതിനു മുമ്പ്.

പ്രായാധിക്യത്താൽ ക്ഷീണിതരാവുമ്പോൾ.

മരണാസന്നാവസ്ഥയിൽ.

ഗുരുതരമായ രോഗങ്ങൾ ഉള്ളപ്പോൾ.

മറ്റ് രോഗാവസ്ഥയിൽ ആവശ്യമെങ്കിൽ വീണ്ടും സ്വീകരിക്കാം.

## നമുക്കു പ്രാവർത്തികമാക്കാം

രോഗികൾക്കായി പ്രാർത്ഥിക്കുക.

രോഗികളെ സന്ദർശിച്ച് ആശ്വസിപ്പിക്കുക.

രോഗികളെ പരിചരിക്കുക.

രോഗീലേപനശുശ്രൂഷയിൽ പങ്കെടുത്തു പ്രാർത്ഥിക്കുക.

നമ്മുടെ രോഗാവസ്ഥയിൽ ദൈവത്തോടു പ്രാർത്ഥിക്കുക.

## പൂരിപ്പിക്കുക

ഞാൻ രോഗിയായിരുന്നു.......................................................................................................

.............................................................................................................................(മത്താ. 25:36).

## രോഗികൾക്കു വേണ്ടി നിങ്ങൾ എന്തെല്ലാം ചെയ്യും?

1. ................................................................................................................

2. ................................................................................................................

3. ................................................................................................................

4. ................................................................................................................

യേശു പത്രോസിന്റെ അമ്മായിയമ്മയെ സുഖപ്പെടുത്തിയ സംഭവം വായിച്ച് സന്ദേശം വ്യക്തമാക്കുക (മർക്കോ. 1:29-32).

## ഉത്തരം കണ്ടെത്തുക

1. എങ്ങനെയാണ് ജെറിയുടെ അപ്പൂപ്പൻ സൗഖ്യം പ്രാപിച്ചത്?
2. യേശുവിൽനിന്ന് കാഴ്ചനേടിയ അന്ധൻ എന്തു ചെയ്തു?
3. രോഗീലേപനം നടത്താനുള്ള അധികാരം യേശു ആർക്കാണു നല്കിയത്?
4. രോഗീലേപനത്തിന്റെ ഫലങ്ങൾ എന്തെല്ലാം?
5. രോഗിയുടെ ശരീരത്തിൽ എവിടെയെല്ലാമാണ് വൈദികൻ വിശുദ്ധതൈലം പൂശുന്നത്?

## നമുക്കു പാടാം

രോഗീലേപനകൂദാശ
സൗഖ്യം നല്കും കൂദാശ
ഉത്ഥിതനാകും മിശിഹാവഴിയായ്
ശക്തിലഭിക്കും കൂദാശ



പാപവിമോചനമരുളീടും
ശാശ്വതശാന്തി പകർന്നീടും
സ്വർഗത്തിൽനിന്നൊഴുകിവരും
ധീരതനല്കും കൂദാശ



## നമുക്കു പ്രാർത്ഥിക്കാം

സൗഖ്യദായകനായ കർത്താവേ, രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കാനും അവരെ ശുശ്രൂഷിക്കാനും ഞങ്ങളെ പഠിപ്പിക്കണമേ.

## നമുക്കു ദൈവവചനം ഓർമ്മിക്കാം

ഇവൻ അന്ധനായി ജനിച്ചത് ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ പാപം നിമിത്തമല്ല, പ്രത്യുത, ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ് (യോഹ. 9:3).



## മന:പാഠമാക്കാം

രോഗികളെ സഹായിക്കുന്നതും ആത്മാവിന് ശാന്തി പകരുന്നതും ശരീരത്തിനു സുഖം കൊടുക്കുന്നതുമായ ഒരു കൂദാശയാകുന്നു രോഗീലേപനം.

പാഠം എട്ട്

# ഉത്തമകുടുംബം







ദൈവം സൃഷ്ടിച്ച ഈ ഭൂമി എത്ര സുന്ദരമാണെന്നു നോക്കൂ! വൃക്ഷലതാദികൾ, പക്ഷികൾ, മൃഗങ്ങൾ, മറ്റ് ചെറുജീവികൾ. വെള്ളത്തിൽ നീന്തിനടക്കുന്ന മത്സ്യങ്ങൾ. എല്ലാം ഇണകളായി ജീവിക്കുന്നു. ദൈവം അവരെ സംരക്ഷിക്കുന്നു.

പ്രപഞ്ചത്തിലെ മറ്റ് ജീവജാലങ്ങളെപ്പോലെ മനുഷ്യനെയും ദൈവം പുരുഷനും സ്ത്രീയുമായാണ് സൃഷ്ടിച്ചത്.

പ്രപഞ്ചസൃഷ്ടിക്കുശേഷം ദൈവം ആദത്തെ സൃഷ്ടിച്ചു. എന്നാൽ ആദം ഏകനായിരിക്കുന്നത് നല്ലതല്ലെന്നു കണ്ട ദൈവം ആദത്തിന് ഇണയായി ഹൗവയെ നല്കി.

**"മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല;
അവന് ചേർന്ന ഇണയെ ഞാൻ നല്കും"
(ഉത്പ 2:18).**

ആദം പറഞ്ഞു : "ഇവൾ എന്റെ അസ്ഥിയുടെ അസ്ഥിയും മാംസത്തിന്റെ മാംസവുമാണ്." അങ്ങനെ ഭൂമിയിൽ ആദ്യത്തെ വിവാഹം നടന്നു. ഹൗവയെ ഇണയായി ലഭിച്ച ആദം കൂടുതൽ സന്തുഷ്ടനായി. ആദ്യത്തെ കുടുംബം രൂപപ്പെട്ടു. ദൈവമാണ് വിവാഹത്തിന്റെ സ്ഥാപകൻ. സന്താനപുഷ്ടിയുള്ളവരായി പെരുകാൻ ദൈവം ആദത്തെയും ഹൗവയെയും അനുഗ്രഹിക്കുകയും ചെയ്തു.

**"സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ; ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ" (ഉത്പ. 1:28).**

ആദിമാതാപിതാക്കളായ ആദത്തിൽ നിന്നും ഹൗവയിൽ നിന്നും മനുഷ്യവർഗം ഉദ്ഭവിച്ചു.

## ഉത്തമ കുടുംബം

നസ്രത്തിലെ ഒരു കൊച്ചുകുടുംബത്തിലാണ് യേശു ജനിച്ചത്. മറിയമായിരുന്നു യേശുവിന്റെ അമ്മ. യൗസേപ്പ് യേശുവിന്റെ വളർത്തുപിതാവും. തിരുകുടുംബത്തിൽ മാതാപിതാക്കളെ അനുസരിച്ചും സഹായിച്ചും യേശു ജീവിച്ചു. അങ്ങനെ യേശു കുടുംബ ജീവിതം പവിത്രീകരിച്ചു.

"അവൻ അവരോടൊപ്പം പുറപ്പെട്ട് നസ്രത്തിൽ വന്ന്, അവർക്കു വിധേയനായി ജീവിച്ചു" (ലൂക്കാ 2:51).



കാനായിലെ വിവാഹവിരുന്നിൽ വെള്ളം വീഞ്ഞാക്കിക്കൊണ്ട് യേശു ആദ്യത്തെ അദ്ഭുതം പ്രവർത്തിച്ചു. അതുവഴി, വിവാഹത്തിന്റെയും വിവാഹബന്ധത്തിന്റെയും പ്രാധാന്യം യേശു മനസ്സിലാക്കിത്തന്നു.

വിവാഹം യേശു ഒരു കൂദാശയായി ഉയർത്തി. വിവാഹം എന്ന കൂദാശ രണ്ടു കാര്യങ്ങളാണ് ലക്ഷ്യംവയ്ക്കുന്നത്:

1. **ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ബന്ധം.**

സന്തോഷത്തിലും ദു:ഖത്തിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും സമ്പത്തിലും ദാരിദ്ര്യത്തിലും അവർ ഒരുമിച്ചു നില്ക്കണം. അവരുടെ പരസ്പരസ്നേഹത്തിലൂടെ അവർ ദൈവസ്നേഹത്തിൽ പങ്കുചേരുന്നു.

2. **ഭാര്യാഭർത്താക്കന്മാർ ദൈവത്തിനുവേണ്ടി കുഞ്ഞുങ്ങൾക്കു ജന്മം കൊടുക്കുകയും ക്രിസ്തീയവിശ്വാസത്തിൽ അവരെ വളർത്തുകയും ചെയ്യുന്നു.**

വിവാഹം എന്ന കൂദാശയിലൂടെ ദൈവം യോജിപ്പിക്കുന്ന സ്ത്രീക്കും പുരുഷനും കുഞ്ഞുങ്ങൾക്ക് ജന്മം കൊടുക്കാനുള്ള കൃപയും ദൈവം നല്കുന്നു. അതുവഴി അവർ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുകാരാകുന്നു.

**പരസ്പര ഐക്യവും അവിഭാജ്യതയുമാണ് വിവാഹത്തിന്റെ അടിസ്ഥാനസ്വഭാവം.**

## വിവാഹത്തിന്റെ അവിഭാജ്യത

ഭാര്യാഭർത്താക്കന്മാർ തങ്ങളുടെ വിവാഹവാഗ്ദാനം നിറവേറ്റണം. അവർ പരസ്പര സ്നേഹത്തിലും വിശ്വസ്തതയിലും ജീവിക്കണം.

ദൈവം യോജിപ്പിച്ച ഈ ബന്ധം ഒരിക്കലും വേർപെടുത്താൻ പാടുള്ളതല്ലെന്ന് യേശു പഠിപ്പിച്ചു. കാരണം, വിവാഹബന്ധം പരിശുദ്ധവും അതിശ്രേഷ്ഠവുമാണ്. ഈ ബന്ധം മരണം വരെ വേർപെടുത്താൻ പാടുള്ളതല്ല.

"ആകയാൽ, ദൈവം യോജിപ്പിച്ചത്
മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ" (മത്താ. 19:6).

മക്കളെ സ്നേഹിക്കുന്ന മാതാപിതാക്കളും മാതാപിതാക്കളെ സ്നേഹിക്കുകയും അനുസരിക്കുകയും സഹായിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന മക്കളും അടങ്ങിയതാണ് മാതൃകാകുടുംബം.

"കുട്ടികളേ, കർത്താവിൽ നിങ്ങൾ മാതാപിതാക്കന്മാരെ അനുസരിക്കുവിൻ;
നിങ്ങൾക്ക് നന്മ കൈവരുന്നതിനും ഭൂമിയിൽ ദീർഘകാലം ജീവിക്കുന്നതിനും
വേണ്ടി മാതാവിനെയും പിതാവിനെയും ബഹുമാനിക്കുക"(എഫേ. 6:1–3).

## വിവാഹം എന്ന കൂദാശയുടെ പരികർമ്മം

വിവാഹം എന്ന കൂദാശയ്ക്ക് നാലു ഭാഗങ്ങളുണ്ട്.

1. പ്രാരംഭകർമ്മം
2. ദൈവവചന പ്രഘോഷണ കർമ്മം
3. കൂദാശാ കർമ്മം
4. സമാപന കർമ്മം






വൈദികനാണ് വിവാഹം ആശീർവദിക്കുന്നത്. സ്ത്രീയും പുരുഷനും ഏറ്റുപറയുന്ന പരസ്പരസമ്മതമാണ് വിവാഹത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകം. ദൈവനാമത്തിൽ അവർ പരസ്പരം പ്രതിജ്ഞ ചെയ്യുന്നു. തുടർന്ന് താലികെട്ട്, മോതിരം അണിയിക്കൽ, മന്ത്രകോടി (വിരിപ്പാവ്) ധരിപ്പിക്കൽ തുടങ്ങിയ കർമ്മങ്ങളും നടക്കുന്നു.

**നമ്മുടെ മാതാപിതാക്കളോടുള്ള സ്നേഹം നാം എങ്ങനെയെല്ലാം പ്രകടിപ്പിക്കും ?**

..................................................

..................................................

..................................................

..................................................

..................................................

..................................................

..................................................

..................................................

..................................................

**നമ്മുടെ കുടുംബം തിരുകുടുംബം പോലെയാകാൻ എന്തെല്ലാം ചെയ്യണം?**

**നമുക്ക് ഉത്തരം കണ്ടെത്താം**

1. എന്തുകൊണ്ടാണ് ആദത്തിന് ഇണയായി ഹൗവയെ ദൈവം നല്കിയത്?
2. ആദത്തെയും ഹൗവയെയും ദൈവം അനുഗ്രഹിച്ചതെങ്ങനെ?
3. വിവാഹം എന്ന കൂദാശയുടെ ലക്ഷ്യങ്ങൾ ഏവ?
4. വിവാഹജീവിതം വേർപെടുത്താൻ പാടില്ല എന്നു പറയുന്നതെന്തുകൊണ്ട്?
5. വിവാഹകൂദാശയിലെ സുപ്രധാനഘടകമേത്?

### നിങ്ങൾക്കറിയാമോ?

1. ആദം എന്ന വാക്കിന് മനുഷ്യൻ എന്നാണർത്ഥം.
2. കുടുംബം ദൈവത്താൽ സ്ഥാപിതമാണ്.
3. നല്ല കുടുംബങ്ങളാണ് നല്ല സമൂഹത്തെ സൃഷ്ടിക്കുന്നത്.



### നമുക്കു പാടാം

ജീവിതാന്തം വരെ സ്നേഹിച്ചും സേവിച്ചും
സ്വർഗമാക്കേണം കുടുംബം
ഭാര്യയും ഭർത്താവും ആത്മദാനത്തിന്റെ
അൾത്താരയാക്കും കുടുംബം

അപ്പനുമമ്മയും മക്കളും ചേരുന്ന
സ്നേഹകൂടാരം കുടുംബം
എല്ലാരുമൊന്നിച്ചു ദൈവത്തിൽ വാഴുന്ന
സ്വപ്നാനുഭൂതി കുടുംബം.

### നമുക്കു പ്രാർത്ഥിക്കാം

യേശുവേ, ഞങ്ങളുടെ കുടുംബം തിരുകുടുംബം പോലെ സ്നേഹത്തിലും പ്രാർത്ഥനാചൈതന്യത്തിലും വളരാൻ സഹായിക്കണമേ.





### നമുക്കു ദൈവവചനം ഓർമ്മിക്കാം

"മകനേ, നിന്റെ പിതാവിന്റെ കല്പന കാത്തുകൊള്ളുക; മാതാവിന്റെ ഉപദേശം നിരസിക്കയുമരുത്. അവയെ നിന്റെ ഹൃദയത്തിൽ സദാ ഉറപ്പിച്ചുകൊള്ളുക" (സുഭാ. 6:20-21).

### മന:പാഠമാക്കാം

ഭാര്യാഭർത്താക്കന്മാർ മരണത്തോളം പിരിഞ്ഞുകൂടാത്ത വിധത്തിൽ തമ്മിൽ ബന്ധിക്കുന്നതും വിവാഹത്തിലുണ്ടാകുന്ന മക്കളെ പുണ്യമാർഗത്തിൽ വളർത്തുന്നതിനു സഹായിക്കുന്നതുമായ കൂദാശ ക്രിസ്തീയ വിവാഹമാകുന്നു.

പാഠം ഒമ്പത്

# തിരുപ്പട്ടം

ഭാവിയിൽ ഓരോരുത്തരും ആരായിത്തീരാനാഗ്രഹിക്കുന്നു എന്ന് വികാരിയച്ചൻ കുട്ടികളോടു ചോദിച്ചു. ഡോക്ടറാകണം, എഞ്ചിനീയറാകണം, മന്ത്രിയാകണം, ടീച്ചറാകണം- അവർ മറുപടി പറഞ്ഞു. "ഞാനൊരു വൈദികനാകാൻ ആഗ്രഹിക്കുന്നു", ക്ലാസ്സ് ലീഡർ ടോണി എഴുന്നേറ്റു നിന്നു പറഞ്ഞു. സഹപാഠികൾക്കെല്ലാം പ്രിയപ്പെട്ടവനും സൗമ്യനുമായിരുന്നു ടോണി. വികാരിയച്ചൻ പറഞ്ഞു: "കൊള്ളാം ടോണീ. ഒരു വൈദികനാകാൻ ദൈവം നിന്നെ വിളിച്ചിട്ടുണ്ടാകണം. നിന്റെ ആഗ്രഹം പോലെ നല്ലൊരു വൈദികനാകാൻ ദൈവം നിന്നെ അനുഗ്രഹിക്കട്ടെ". ടോണിക്കുവേണ്ടി എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കണമെന്ന് വികാരിയച്ചൻ ഓർമ്മിപ്പിച്ചു. ടോണിയുടെ സഹപാഠികളും ടീച്ചറും അവനെ അഭിനന്ദിച്ചു. എല്ലാവരും അവനുവേണ്ടി പ്രാർത്ഥിച്ചു. സെമിനാരിയിൽ ചേർന്നു പഠിച്ച് ടോണി വൈദികനായി. ഫാ. ടോണി തന്റെ ജീവിതം ദൈവത്തിനും മനുഷ്യർക്കുമായി സമർപ്പിച്ചു.

ക്രിസ്തുവിന്റെ പൗരോഹിത്യം സ്വീകരിച്ച് വൈദികനായി എല്ലാവർക്കും ശുശ്രൂഷ ചെയ്തു ജീവിക്കാൻ നമ്മിലാർക്കൊക്കെ താത്പര്യമുണ്ട്?

**യേശു നിത്യപുരോഹിതൻ**

യേശുവാണ് നിത്യപുരോഹിതൻ. അവിടന്ന് നല്ലിടയനാണ്. തന്റെ പൗരോഹിത്യം തുടർന്നു കൊണ്ടുപോകാൻ യേശു ആദ്യം നിയോഗിച്ചത് അപ്പസ്തോലന്മാരെയാണ്.

തന്നോടുകൂടെ ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കാൻ അധികാരം നല്കുന്നതിനുമായി അവൻ പന്ത്രണ്ടു പേരെ നിയോഗിച്ചു (മർക്കോ. 3:14-15). അവർക്കു പാപങ്ങൾ മോചിപ്പിക്കാനുള്ള അധികാരവും യേശു നല്കി.

അപ്പസ്തോലന്മാരെപ്പോലെ യേശുവിനാൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരും യേശുവിനും സഭയ്ക്കും സമൂഹത്തിനുംവേണ്ടി ശുശ്രൂഷചെയ്യാൻ സമ്പൂർണമായി സമർപ്പിക്കപ്പെട്ടവരുമാണ് പുരോഹിതർ.

പുരോഹിതൻ എന്ന വാക്കിന്
'മുൻപിൽ വയ്ക്കപ്പെട്ടവൻ' എന്നാണർത്ഥം.

**പഴയനിയമപൗരോഹിത്യത്തിന്റെ പൂർത്തീകരണമായി ദൈവം യേശുവിനെ നിത്യപുരോഹിതനായി ഈ ലോകത്തിലേക്കയച്ചു.**

**"മെൽക്കിസെദേക്കിന്റെ ക്രമപ്രകാരം
നീ എന്നേക്കും പുരോഹിതനാണ്" (ഹെബ്രാ. 5:6).**

ദൈവജനത്തെ പഠിപ്പിക്കാനും നയിക്കാനും വിശുദ്ധീകരിക്കാനും പഴയനിയമകാലം മുതലേ ദൈവം പുരോഹിതരെ നിയോഗിച്ചിരുന്നു. അബ്രാഹത്തിന്റെ കാലത്തു ജീവിച്ചിരുന്ന മെൽക്കിസെദേക്ക് പഴയനിയമത്തിലെ പ്രധാനപ്പെട്ട ഒരു പുരോഹിതനാണ്. മോശയുടെ സഹായിയായ അഹറോന്റെ വംശപരമ്പരയിൽ നിരവധി പുരോഹിതന്മാരുണ്ടായിരുന്നു. ലേവി ഗോത്രത്തിനാണ് പിന്നീട് പൗരോഹിത്യം അവകാശമായിക്കിട്ടിയത്. യേശുവിന്റെ കാലത്തു ജീവിച്ചിരുന്ന ദൈവാലയശുശ്രൂഷകരിൽ ഒരാളാണ്, സ്നാപകയോഹന്നാന്റെ പിതാവായ സഖറിയ.

**ദൈവജനത്തിൽനിന്ന്, ദൈവജനത്തിനു വേണ്ടി, ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുന്നവനാണ് പുരോഹിതൻ.** പുരോഹിതൻ ദൈവജനത്തിനുവേണ്ടി ദൈവതിരുമുമ്പിൽ കാഴ്ചകളർപ്പിക്കുകയും ദൈവവചനം പ്രഘോഷിക്കുകയും ദൈവജനത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. യേശുവിനെപ്പോലെ ദൈവജനത്തെ ശുശ്രൂഷിക്കാനും ദൈവജനത്തിനുവേണ്ടി ജീവൻ ബലിയർപ്പിക്കാനും പുരോഹിതൻ കടപ്പെട്ടിരിക്കുന്നു.

**"മനുഷ്യപുത്രൻ വന്നിരിക്കുന്നത്, ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കു വേണ്ടി മോചനദ്രവ്യമായി നല്കാനുമത്രേ" (മർക്കോ. 10:45).**

പൗരോഹിത്യം രണ്ടു വിധമുണ്ട്:
**പൊതുപൗരോഹിത്യവും
ശുശ്രൂഷാപൗരോഹിത്യവും**

ജ്ഞാനസ്നാനസ്വീകരണംവഴി വിശ്വാസികൾക്കേവർക്കും ലഭിക്കുന്ന പൗരോഹിത്യത്തെ പൊതുപൗരോഹിത്യം എന്നു വിളിക്കുന്നു. ദൈവവചനം പഠിച്ചും പ്രഘോഷിച്ചും കൂദാശകളിൽ പങ്കുചേർന്ന് മാതൃകാപരമായ ജീവിതം നയിച്ചും ക്രിസ്തുവിനു സാക്ഷ്യം വഹിച്ചും നാം പൊതുപൗരോഹിത്യദൗത്യം നിർവഹിക്കുന്നു.

ദൈവജനത്തിന് ശുശ്രൂഷ ചെയ്യാൻ യേശുവിനാൽ വിളിക്കപ്പെടുകയും തിരഞ്ഞെടുക്കപ്പെടുകയും അഭിഷേകം ചെയ്യപ്പെടുകയും ചെയ്യുന്നവരാണ് വൈദികർ. ഇതാണ് ശുശ്രൂഷാ പൗരോഹിത്യം.

യേശുവിന്റെ പൗരോഹിത്യത്തിൽ പങ്കുചേരുന്ന പുരോഹിതൻ കൂദാശകൾവഴിയും വചനപ്രഘോഷണംവഴിയും യേശുവിനെ വിശ്വാസികൾക്ക് അനുഭവവേദ്യമാക്കിത്തരുന്നു.

**ഇടവകവികാരി ഇടവകജനത്തിന്റെ അദ്ധ്യാത്മിക പിതാവാണ്.**

ദൈവവചനം പ്രഘോഷിക്കുകയും ദൈവനീതിക്കുവേണ്ടി നിലകൊള്ളുകയും ചെയ്യുക, ദൈവത്തെക്കുറിച്ചു പഠിപ്പിക്കുക എന്നിവയാണ് പ്രവാചകദൗത്യം.

കൂദാശകൾ പരികർമ്മം ചെയ്യുക, ദൈവജനത്തെ വിശുദ്ധീകരിക്കുക, ദൈവജനത്തിനുവേണ്ടി പ്രാർത്ഥിക്കുക എന്നിവയാണ് പൗരോഹിത്യദൗത്യം.

സഭയെ പടുത്തുയർത്താൻ നേതൃത്വംനല്കുകയും സഭയെ ദൈവരാജ്യത്തിലേക്കു നയിക്കുകയും ചെയ്യുക എന്നതാണ് രാജകീയ ദൗത്യം.



പൗരോഹിത്യസ്വീകരണത്തിന് നീണ്ട കാലത്തെ പ്രാർത്ഥനയും പഠനവും ജീവിതവിശുദ്ധിയും ആവശ്യമാണ്. തിരുപ്പട്ടത്തിനു മുമ്പായി ദൈവവചന പ്രഘോഷണത്തിനും ശുശ്രൂഷയ്ക്കുമായി ഡീക്കൻപട്ടം നല്കുന്നു.



തിരുപ്പട്ടക്രമത്തിലെ ഏറ്റവും ഉന്നതമായ സ്ഥാനം മെത്രാൻ ശുശ്രൂഷയ്ക്കാണ്. മറ്റ് ശുശ്രൂഷകളുടെ സ്രോതസ്സും അടിസ്ഥാനവുമാണ് മെത്രാൻ ശുശ്രൂഷ. മെത്രാന്റെ സഹകാരികളാണ് വൈദികർ. മെത്രാന്റെയും വൈദികരുടെയും ശുശ്രൂഷകരും സഹായികളുമാണ് ഡീക്കന്മാർ.

തിരുപ്പട്ടകൂദാശയിലെ പ്രധാനഭാഗം മെത്രാന്റെ കൈവയ്പു ശുശ്രൂഷയും പ്രതിഷ്ഠാപനപ്രാർത്ഥനയുമാണ്. ബലിയർപ്പിക്കാൻ നിയോഗിക്കുന്നതിന്റെ അടയാളമായി തിരുവസ്ത്രങ്ങൾ അണിയിക്കുകയും സുവിശേഷ പ്രഘോഷണത്തിനായി വിശുദ്ധ ഗ്രന്ഥം നല്കുകയും തൈലംപൂശൽവഴി അഭിഷിക്തനാക്കുകയും ചെയ്യുന്നു. മെത്രാന്റെ മുമ്പിൽ അനുസരണ വാഗ്ദാനവും നടത്തുന്നു.

പുരോഹിതൻ ദൈവത്തിന്റെ അഭിഷിക്തനാണ്. ദൈവജനത്തിനു വേണ്ടി ശുശ്രൂഷ ചെയ്യാൻ വിളിക്കപ്പെട്ടവനാണ്. കൂദാശകൾവഴി ക്രിസ്തുവിനെ നമുക്ക് അനുഭവവേദ്യമാക്കിത്തരുന്നു. വിശുദ്ധ കുർബാനവഴി ക്രിസ്തുവിന്റെ തിരുശരീരം നമുക്ക് ഭക്ഷണമായിത്തരുന്നു. കുമ്പസാരം എന്ന കൂദാശവഴി നമുക്ക് പാപമോചനം നല്കി നമ്മെ ദൈവവുമായി അനുരഞ്ജനപ്പെടുത്തുന്നു. ദൈവവചനം പഠിപ്പിച്ച് നമ്മെ ക്രിസ്തുവിന്റെ പ്രകാശത്തിലേക്കു നയിക്കുന്നു. പുരോഹിതൻ ദൈവരാജ്യ നിർമ്മിതിക്കായി പ്രവർത്തിക്കുന്നു. ക്രിസ്തുവിനെപ്പോലെ പുരോഹിതൻ ദൈവജനത്തെ സ്നേഹിക്കുകയും പരിചരിക്കുകയും അവരുടെ വേദനകളിൽ ആശ്വസിപ്പിക്കുകയും ചെയ്യുന്നു. പുരോഹിതൻ സമൂഹത്തെ സ്നേഹത്തിൽ ഒന്നിപ്പിച്ചു നിറുത്തുകയും സമൂഹത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുകയും ചെയ്യുന്നു. ദൈവജനത്തിന്റെ വ്യത്യസ്തമായ കൃപാവരങ്ങൾ കോർത്തിണക്കി ദൈവജനത്തെ ഐക്യത്തിലും സ്നേഹത്തിലും നയിക്കുന്നു. ദൈവത്തിന്റെ പ്രതിപുരുഷന്മാരായ പുരോഹിതരെ നാം ബഹുമാനിക്കുകയും അനുസരിക്കുകയും വേണം. അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും വേണം.

പൊതുപൗരോഹിത്യവും ശുശ്രൂഷാപൗരോഹിത്യവും തമ്മിലുള്ള വ്യത്യാസം താഴെ കാണുന്ന കോളത്തിൽ ഉചിതമായ രീതിയിൽ പൂരിപ്പിക്കുക:

| പൊതു പൗരോഹിത്യം | ശുശ്രൂഷാ പൗരോഹിത്യം |
|---|---|
| ജ്ഞാനസ്നാനംവഴി ലഭിക്കുന്നു. | കൈവയ്പ്പുവഴി ലഭിക്കുന്നു. |
| ................................ | ................................ |
| ................................ | ................................ |
| ................................ | ................................ |

**നിങ്ങൾക്കറിയാവുന്ന വൈദികരുടെ പേരുകളെഴുതുക.**

................................ ................................

................................ ................................

വൈദികനാകാൻ ആഗ്രഹിക്കുന്ന നിങ്ങളുടെ കൂട്ടുകാരനെ നിങ്ങൾ എങ്ങനെയെല്ലാം സഹായിക്കും?

**ഉത്തരം കണ്ടെത്തുക**

1. ആരാണ് നിത്യപുരോഹിതൻ?
2. പഴയനിയമത്തിലെ രണ്ടു പുരോഹിതരുടെ പേരു പറയുക.
3. പുരോഹിതൻ എന്ന വാക്കിന്റെ അർത്ഥമെന്ത്?
4. പുരോഹിതന്റെ പ്രധാനപ്പെട്ട ദൗത്യങ്ങൾ ഏവ?
5. എന്താണ് പുരോഹിതന്റെ പ്രവാചക ദൗത്യം?

**നമുക്കു പാടാം**



നിത്യപുരോഹിതനീശോയേ,
വൈദികരിൽ കൃപ ചൊരിയണമേ
നിൻവഴി ധീരം പിഞ്ചെല്ലാൻ
അവരെ കനിവാൽ താങ്ങണമേ

ദൈവജനത്തിനു തുണയേകാൻ
സ്വർഗപഥങ്ങളിലെത്തിക്കാൻ
സേവനമാനസരായീടാൻ
ദൈവപിതാവേ, വരമേകൂ.

**നമുക്കു പ്രാർത്ഥിക്കാം**

നിത്യപുരോഹിതനായ യേശുവേ, അങ്ങയുടെ മുന്തിരിത്തോപ്പിൽ ജോലി ചെയ്യാൻ ഞങ്ങളെ ഒരുക്കണമേ.

**നമുക്കു ദൈവവചനം ഓർമ്മിക്കാം**



"എന്തെന്നാൽ, ഒരു ദൈവമേയുള്ളൂ. ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനായി ഒരുവനേയുള്ളൂ - മനുഷ്യനായ യേശു ക്രിസ്തു. അവൻ എല്ലാവർക്കുംവേണ്ടി തന്നെത്തന്നെ മോചനമൂല്യമായി നല്കി" (1 തിമോ. 2:5-6).

**മന:പാഠമാക്കാം**

**വൈദികർക്കു വേണ്ടിയുള്ള പ്രാർത്ഥന**

നിത്യപുരോഹിതനായ ഈശോയേ, അങ്ങേ പൗരോഹിത്യത്തിൽ പങ്കുപറ്റുന്നു അവിടത്തെ അഭിഷിക്തരായ വൈദികരെ ഞങ്ങൾ അങ്ങേക്കു സമർപ്പിക്കുന്നു. അവരുടെ വിശുദ്ധീകരണത്തിനും സുവിശേഷാധിഷ്ഠിതജീവിതത്തിനും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവർക്ക് ഒരാപത്തും കൂടാതെ അങ്ങേ തിരുഹൃദയത്തിൽ അഭയം നല്കണമേ. അങ്ങേ പരിശുദ്ധമായ ശരീരം ദിവസം തോറും സംവഹിക്കുന്ന അവരുടെ അഭിഷിക്തകരങ്ങൾ മലിനമാകാതെ കാക്കണമേ. അങ്ങേ വിലയേറിയ തിരുരക്തത്താൽ നനയുന്ന അവരുടെ നാവുകൾ നിർമ്മലമായി കാത്തുകൊള്ളണമേ. അങ്ങേ ശ്രേഷ്ഠമായ പൗരോഹിത്യത്തിന്റെ മഹനീയമുദ്ര പതിച്ചിരിക്കുന്ന അവരുടെ ഹൃദയങ്ങളെ ലോകവസ്തുക്കളിൽ നിന്ന് അകറ്റുകയും വിശുദ്ധമായി കാത്തുകൊള്ളുകയും ചെയ്യണമേ. അങ്ങേ ദിവ്യസ്നേഹം അവരെ ലോകതന്ത്രങ്ങളിൽ നിന്ന് സംരക്ഷിക്കട്ടെ. അങ്ങയോടുള്ള വിശ്വസ്തതയിൽ എന്നും ജീവിക്കാൻ അങ്ങയുടെ അനുഗ്രഹം സമൃദ്ധമായി അവർക്കു ലഭിക്കുമാറാകട്ടെ. അവരുടെ പ്രയത്നങ്ങൾ ഫലസമൃദ്ധങ്ങളായി ഭവിക്കട്ടെ. അവരുടെ ശുശ്രൂഷ ലഭിക്കുന്നവർക്ക് ഇഹത്തിൽ ആനന്ദവും ആശ്വാസവും പരത്തിൽ നിത്യസൗഭാഗ്യവും അനുഭവിക്കാൻ ഇടവരട്ടെ. ലോകരക്ഷകനായ ഈശോയേ, അങ്ങേ പുരോഹിതരെയും വൈദികശുശ്രൂഷകരെയും അങ്ങേ അമൂല്യമായ തിരുരക്തം പൂശി എപ്പോഴും വിശുദ്ധീകരിക്കുകയും കാത്തുകൊള്ളുകയും ചെയ്യണമേ, ആമ്മേൻ.

വൈദികരുടെ രാജ്ഞിയായ മറിയമേ, വൈദികർക്കുവേണ്ടി പ്രാർത്ഥിക്കണമേ.

## പാഠം പത്ത്

# കൂദാശാനുകരണങ്ങൾ

വിശക്കുമ്പോൾ നാം ഭക്ഷണം കഴിക്കാറുണ്ട്. ഭക്ഷണം വിശപ്പ് മാറ്റുകയും ജീവൻ നിലനിറുത്തുകയും ചെയ്യുന്നു. എന്നാൽ ആരോഗ്യമുള്ള ശരീരമുണ്ടാകുന്നതിന് ഭക്ഷണം മാത്രം പോരാ. ആവശ്യമായ വ്യായാമവും വേണം. ഉദാഹരണത്തിന്, യോഗാഭ്യാസം നല്ലൊരു വ്യായാമമാണ്. നമ്മുടെ ശരീരത്തോടൊപ്പം മനസ്സിനെയും ശക്തിപ്പെടുത്താൻ ഇത്തരം വ്യായാമങ്ങൾവഴി നമുക്കു സാധിക്കുന്നു.

**കൂദാശകൾ നമ്മെ ദൈവവരപ്രസാദത്താൽ വിശുദ്ധീകരിക്കുന്നു. എന്നാൽ കൂദാശകൾവഴി നമുക്കു ലഭിക്കുന്ന ജീവൻ നിലനിറുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള തിരുക്കർമ്മങ്ങളെയാണ് കൂദാശാനുകരണങ്ങൾ എന്നു വിളിക്കുക.**

**ആദ്ധ്യാത്മികവും ഭൗതികവുമായ അനുഗ്രഹങ്ങൾ നമുക്കായി ദൈവത്തിൽ നിന്നു നേടിത്തരുന്നതിനു വേണ്ടി സഭ ഉപയോഗിക്കുന്ന അടയാളങ്ങളും കർമ്മങ്ങളുമാണ് കൂദാശാനുകരണങ്ങൾ.**

അനുദിനജീവിതത്തിൽ ദൈവത്തോട് കൂടുതൽ അടുക്കാനും കൂദാശകൾ വേണ്ടവണ്ണം സ്വീകരിച്ച് വിശുദ്ധജീവിതം നയിക്കാനും കൂദാശാനുകരണങ്ങൾ നമ്മെ സഹായിക്കുന്നു. കൂദാശയുമായി ചില സാമ്യങ്ങളുള്ളതുകൊണ്ടാണ് ഇവയെ കൂദാശാനുകരണങ്ങൾ എന്നു വിളിക്കുന്നത്.

### ആശീർവാദങ്ങൾ

ദിവ്യകാരുണ്യ ആരാധനയും പരിശുദ്ധ കുർബാനയുടെ ആശീർവാദവും കൂദാശാനുകരണങ്ങളിൽപ്പെടുന്നു. മെത്രാനോ വൈദികനോ ആണ് ആശീർവാദകർമ്മം നടത്തുക. ചില സാഹചര്യങ്ങളിൽ ഡീക്കനും ആശീർവാദകർമ്മം നടത്താവുന്നതാണ്.



**1. സൈത്ത് ആശീർവാദം**

ആശീർവാദകർമ്മങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് സൈത്ത് (അഭിഷേകതൈലം) ആശീർവാദമാണ്. പെസഹാവ്യാഴാഴ്ച മെത്രാനാണ് സൈത്ത് ആശീർവദിക്കുന്നത്. ജ്ഞാനസ്നാനം, തിരുപ്പട്ടം എന്നീ കൂദാശകൾ പരികർമ്മംചെയ്യാൻ സൈത്ത് ഉപയോഗിക്കുന്നു.



**2. ദൈവാലയ ആശീർവാദം**

ദൈവാലയ ആശീർവാദമാണ് മറ്റൊരു പ്രധാനപ്പെട്ട കർമ്മം. ദൈവത്തിന്റെ വാസകേന്ദ്രമായ ദൈവാലയം മെത്രാനോ വൈദികനോ ആശീർവദിച്ച് ദൈവത്തിനായി പ്രതിഷ്ഠിക്കുന്നു.



**3. വ്രതവാഗ്ദാനം**

കൂദാശാനുകരണങ്ങളിൽ പ്രധാനപ്പെട്ട മറ്റൊരു കർമ്മമാണ് വ്രതവാഗ്ദാനം. അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ വ്രതങ്ങൾവഴി ദൈവത്തിന് സ്വയം സമർപ്പിക്കുന്ന വ്യക്തികളാണ് സന്ന്യസ്തർ. അവരെ ആശീർവദിച്ച് സഭ വിശുദ്ധീകരിക്കുകയും ദൈവത്തിന് സമർപ്പിക്കുകയും ചെയ്യുന്നു.



**4. മൃതസംസ്കാര ശുശ്രൂഷ**

മൃതസംസ്കാരശുശ്രൂഷയും ഒരു കൂദാശാനുകരണ കർമ്മമാണ്. ക്രിസ്തുവിന്റെ പെസഹാരഹസ്യങ്ങളാൽ വീണ്ടെടുക്കപ്പെട്ട ക്രിസ്തുശിഷ്യന്റെ മരണത്തിൽ സഭ പങ്കുചേർന്ന് പ്രാർത്ഥിക്കുന്നു. ഇഹലോകജീവിതത്തിന്റെ അന്തത്തെയും മരണാനന്തരജീവിതത്തിലുള്ള വിശ്വാസത്തെയും സഭ അതിലൂടെ ഏറ്റുപറയുന്നു



**5. തിരുസ്വരൂപങ്ങൾ**

ദൈവാലയത്തിൽ ഉപയോഗിക്കുന്ന തിരുസ്വരൂപങ്ങൾ, വിശുദ്ധവസ്തുക്കൾ തുടങ്ങിയവയുടെ വെഞ്ചരിപ്പും കൂദാശാനുകരണങ്ങളിൽപ്പെടുന്നു.



**6. വെഞ്ചരിപ്പ്**

ഭവനം വെഞ്ചരിപ്പ് കൂദാശാനുകരണങ്ങളിൽ ശ്രദ്ധേയമായ ഒരു കർമ്മമാണ്. നമ്മൾ വസിക്കുന്ന ഭവനം വർഷത്തിലൊരിക്കലെങ്കിലും വെഞ്ചരിച്ച് വിശുദ്ധീകരിക്കേണ്ടതാണ്. വെഞ്ചരിപ്പുകളും ആശീർവാദങ്ങളും കൂടാതെ അനുഗ്രഹങ്ങൾ ലഭ്യമാകുന്ന മറ്റു വേദികളും നമുക്കുണ്ട്.

* മാതാപിതാക്കൾ മക്കളെ അനുഗ്രഹിക്കുന്നു.
* ഗുരു ശിഷ്യനെ അനുഗ്രഹിക്കുന്നു.
* വിശുദ്ധജലത്താൽ നാം നമ്മെത്തന്നെ അനുഗ്രഹിക്കുന്നു.



**7. ഭക്താഭ്യാസങ്ങൾ**

വിശുദ്ധഗ്രന്ഥപാരായണം, ജപമാല, നൊവേന, കുരിശിന്റെവഴി, ബൈബിൾ പ്രതിഷ്ഠ, വണക്കമാസാചരണം, തീർത്ഥാടനം, വിശുദ്ധസ്ഥലങ്ങൾ സന്ദർശിക്കൽ തുടങ്ങിയ ഭക്താഭ്യാ സങ്ങളെല്ലാം കൂദാശാനുകരണങ്ങളിൽപ്പെടുന്നു.

കൂദാശാനുകരണങ്ങളുടെ ശക്തികേന്ദ്രം യേശുവിന്റെ പെസഹാരഹസ്യങ്ങളാണ്. തിരുസഭയുടെ മാദ്ധ്യസ്ഥ്യം വഴിയാണ് കൂദാശാനുകരണങ്ങളുടെ ഫലങ്ങൾ നമുക്കു ലഭിക്കുന്നത്.

- നമ്മെയും നമ്മുടെ ജീവിതസാഹചര്യങ്ങളെയും വിശുദ്ധീകരിക്കുന്നു.
- കൂദാശകൾ യോഗ്യതയോടെ സ്വീകരിക്കാൻ നമ്മെ സഹായിക്കുന്നു.
- വിശുദ്ധജീവിതം നയിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു.

വിശുദ്ധ ജീവിതം നയിക്കാൻ നമ്മെ സഹായിക്കുന്ന കൂദാശാനുകരണങ്ങൾ ആവശ്യമായ ഒരുക്കത്തോടും ഭക്തിയോടും കൂടെ നാം ആചരിക്കണം. എന്നാൽ അവ അന്ധവിശ്വാസത്തിന് ഇടവരുത്താതെ സൂക്ഷിക്കയും വേണം.

കൂദാശാനുകരണങ്ങൾ തിരുസഭയാൽ സ്ഥാപിതമാണ്.

നാമും നമ്മുടെ ജീവിതസാഹചര്യങ്ങളും വസ്തുക്കളും കൂദാശാനുകരണങ്ങൾവഴി വിശുദ്ധീകരിക്കപ്പെടുന്നു.

കൂദാശകൾ ഫലപ്രദമായി സ്വീകരിക്കുന്നതിന് നമ്മെ സഹായിക്കുന്നു.

കൂദാശകൾവഴി ലഭിക്കുന്ന ദൈവവരപ്രസാദമനുസരിച്ച് വിശുദ്ധജീവിതം നയിക്കുന്നതിന് നമ്മെ യോഗ്യരാക്കുന്നു.

കൂദാശാനുകരണങ്ങൾ ഭക്തിയോടും ശ്രദ്ധയോടും കൂടെ നമുക്കാചരിക്കാം.

താഴെ കാണുന്ന പദസഞ്ചിയിൽ നിന്ന് കൂദാശാനുകരണങ്ങൾ മാത്രം വേർതിരിച്ചെടുക്കുക:

**ജ്ഞാനസ്നാനം, ജപമാല,**
**വീട് വെഞ്ചരിപ്പ്, രോഗീലേപനം,**
**ബൈബിൾ പാരായണം, തിരുപ്പട്ടം,**
**ദൈവാലയപ്രതിഷ്ഠ, വണക്കമാസം,**
**സ്ഥൈര്യലേപനം, അനുരഞ്ജനം**

## കുറിപ്പെഴുതുക

1. നമ്മുടെ വീടു വെഞ്ചരിക്കാൻ വികാരിയച്ചൻ എത്തുമ്പോൾ നാം വീട്ടിൽ എന്തെല്ലാം ഒരുക്കങ്ങൾ ചെയ്യും?
2. നിങ്ങൾക്കറിയാവുന്ന വിശുദ്ധവസ്തുക്കളുടെ ലിസ്റ്റ് തയ്യാറാക്കുക.

## ഉത്തരം കണ്ടെത്തുക

1. കൂദാശാനുകരണങ്ങൾ എന്നാൽ എന്ത്?
2. കൂദാശകളും കൂദാശാനുകരണങ്ങളും തമ്മിലുള്ള വ്യത്യാസമെന്ത്?
3. കൂദാശകളും കൂദാശാനുകരണങ്ങളും കൂടാതെ നമുക്ക് അനുഗ്രഹങ്ങൾ ലഭിക്കുന്ന സന്ദർഭങ്ങൾ ഏവ?
4. നിങ്ങളുടെ ഇടവകയിൽ നടത്തിവരുന്ന ഭക്താഭ്യാസങ്ങൾ ഏതെല്ലാം?
5. എന്താണ് കൂദാശാനുകരണങ്ങളുടെ ശക്തികേന്ദ്രം?

## നമുക്കു പാടാം

വിശുദ്ധജീവിതപാതയിലൂടെ
നിത്യം നമ്മെ നയിച്ചീടാൻ
തിരുസഭയേകും മാർഗങ്ങൾ
കൂദാശാനുകരണങ്ങൾ

ദൈവവരം പൂമഴയായി
വിശ്വാസികളെ നനച്ചീടാൻ
തിരുസഭ കാട്ടും വഴിയല്ലോ
കൂദാശാനുകരണങ്ങൾ



## ചേരുംപടി ചേർക്കുക

| | | |
|---|---|---|
| ഓശാന | | മരിയഭക്തി |
| വിഭൂതി ബുധൻ | | തിരുപ്പട്ടം |
| ജപമാല | | മെത്രാൻ |
| പ്രതിഷ്ഠാതൈലം | | ചാരം പൂശൽ |
| സൈത്ത് വെഞ്ചരിപ്പ് | | കുരുത്തോല വെഞ്ചരിപ്പ് |



### നമുക്ക് ദൈവവചനം ഓർമ്മിക്കാം

"നിന്റെ ചെരുപ്പ് അഴിച്ചുമാറ്റുക. എന്തുകൊണ്ടെന്നാൽ, നീ നില്ക്കുന്നസ്ഥലം പരിശുദ്ധമാണ്" (പുറ. 3:5).

### നമുക്കു പ്രാർത്ഥിക്കാം

സ്നേഹമുള്ള യേശുവേ, വിശുദ്ധിയിൽ അനുദിനം വളരാൻ ഞങ്ങളെ സഹായിക്കണമേ.



### മന:പാഠമാക്കാം

### ദൈവവിളിക്കായുള്ള പ്രാർത്ഥന

ലോകരക്ഷകനായ ഈശോയേ, അങ്ങിൽനിന്നു ലഭിച്ച സകല അനുഗ്രഹങ്ങൾക്കും പ്രത്യേകിച്ച് സത്യവിശ്വാസത്തിനും ഞങ്ങൾ നന്ദിപറയുന്നു. ആ വിശ്വാസത്തിൽ ദൃഢമായി നിലനില്ക്കുന്നതിനും വളർന്നുവരുന്നതിനുമുള്ള കൃപാവരം ഞങ്ങൾക്കു നല്കണമേ. കർത്താവേ, ഇനിയും അസംഖ്യം ജനങ്ങൾ അങ്ങയെ അറിയാതെയും അറിയുന്നതിനു മാർഗമില്ലാതെയും ജീവിക്കുന്നുണ്ടെന്ന് അങ്ങ് ഓർക്കണമേ. വിളവിന്റെ വയലിലേക്ക് വേലക്കാരെ അയയ്ക്കണമെന്ന് വിളവിന്റെനാഥനോടു പ്രാർത്ഥിക്കാൻ അങ്ങ് ആവശ്യപ്പെട്ടല്ലോ. പരിശുദ്ധ കന്യാമറിയത്തിന്റെയും വിശുദ്ധ യൗസേപ്പിതാവിന്റെയും ഇന്ത്യയുടെ അപ്പസ്തോലനായ വിശുദ്ധ തോമാശ്ലീഹായുടെയും വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെയും സാർവത്രികമിഷൻപ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥയായ ഉണ്ണീശോയുടെ വിശുദ്ധ കൊച്ചുത്രേസ്യയുടെയും മാദ്ധ്യസ്ഥ്യംവഴി, അങ്ങയുടെ പ്രേഷിതരാകുന്നതിന് ഉത്തമരായ അനവധി യുവാക്കളെ സന്നദ്ധരാക്കണമേ. ആത്മാക്കളുടെ രക്ഷയ്ക്ക് തീക്ഷ്ണതയോടെ വേല ചെയ്യുന്നതിനുള്ള അനുഗ്രഹം അവർക്കു നല്കണമേ. ഞങ്ങളുടെ കുടുംബങ്ങളിൽനിന്നും ഇടവകകളിൽനിന്നും വിവിധ പ്രേഷിതരംഗങ്ങളിൽ വേല ചെയ്യുന്നതിനുള്ള തീക്ഷ്ണമതികളായ ധാരാളം പ്രേഷിതരെ വിളിക്കുകയും ചെയ്യണമേ, ആമ്മേൻ.

പാഠം പതിനൊന്ന്

# ആരാധനക്രമ വത്സരം

വിഭൂതിബുധനാഴ്ച ടോണിയും മിനിയും രാവിലേ ഏഴുന്നേറ്റ് അമ്മൂമ്മയുടെ കൂടെ പള്ളിയിൽ പോയി. ദിവ്യബലിമദ്ധ്യേ അച്ചൻ എല്ലാവരുടെയും നെറ്റിയിൽ ചാരംപൂശി. പള്ളിയിൽ നിന്നു പുറത്തിറങ്ങിയപ്പോൾ ടോണി അമ്മൂമ്മയോടു ചോദിച്ചു: എന്തിനാണമ്മൂമ്മേ, അച്ചൻ നമ്മുടെ നെറ്റിയിൽ ചാരം പൂശിയത്? അമ്മൂമ്മ പറഞ്ഞു: ഇന്ന് വിഭൂതിബുധനാഴ്ചയാണ്. ഇന്നാണ് വലിയനോമ്പുകാലം ആരംഭിക്കുന്നത്. ഈ നോമ്പുകാലത്ത് നാമെല്ലാവരും ഉപവാസവും പ്രാർത്ഥനയുംവഴി ഒരുങ്ങി യേശുവിന്റെ പീഡാനുഭവവും തിരുമരണവും ഉയിർപ്പും അനുസ്മരിക്കുന്നു. ഉടനേ മിനി ചോദിച്ചു: കഴിഞ്ഞവർഷവും നമ്മൾ ഇതുപോലെ ചെയ്തല്ലോ? അമ്മൂമ്മ പറഞ്ഞു: അതേ, എല്ലാവർഷവും നമുക്ക് നോമ്പുകാലമുണ്ട്. വലിയനോമ്പും ചെറിയനോമ്പും. വലിയനോമ്പ് നാല്പതുദിവസമാണ്. അതു കഴിഞ്ഞാൽ ഉയിർപ്പായി. ചെറിയനോമ്പ് ഇരുപത്തിഅഞ്ചു ദിവസമാണ്. ക്രിസ്തുമസിന്റെ ഒരുക്കമാണത്. ആഗമനകാലം എന്നാണതിന്റെ പേര്. ആഗമനകാലം കഴിഞ്ഞാൽ ക്രിസ്തുമസായി. ടോണി വീണ്ടും ചോദിച്ചു: എന്തിനാണ് നാം ഇതൊക്കെ ചെയ്യുന്നത്? അമ്മൂമ്മ പറഞ്ഞു: നമ്മുടെ വിശ്വാസം വളർത്തി ദൈവമക്കളായി ജീവിക്കുന്നതിനു വേണ്ടിയാണ് ഈ ഒരുക്കങ്ങളും ആഘോഷങ്ങളുമെല്ലാം. യേശു നമുക്കു വേണ്ടി ജനിച്ചു. നമ്മുടെ രക്ഷയ്ക്കായി പീഡകൾ സഹിച്ചു മരിച്ചു. മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. ഇക്കാര്യങ്ങളെല്ലാം ക്രമമായി നാം എല്ലാവർഷവും ഭക്തിപൂർവം ഓർക്കുകയും ആചരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ആരാധനക്രമവർഷം എന്ന് നാം ഇതിനെ പേരു വിളിക്കുന്നു.

ടോണിയും മിനിയും അമ്മൂമ്മയോടൊപ്പം വീട്ടിലെത്തി . അമ്മൂമ്മ പറഞ്ഞുകൊടുത്ത കാര്യങ്ങൾ അവർ കൂട്ടുകാരോടു പറഞ്ഞു. എല്ലാവരും ഭക്തിപൂർവം നോമ്പ് ആചരിച്ചു.

**ക്രിസ്തുവിന്റെ നാമത്തിൽ തിരുസഭ ദൈവത്തിനു സമർപ്പിക്കുന്ന പൊതുവായ പ്രാർത്ഥനയാണ് ആരാധന. തിരുസഭയിലെ ഔദ്യോഗിക പൊതുപ്രാർത്ഥനകളുടെ സമാഹാരമാണ് ലിറ്റർജി അഥവാ ആരാധനക്രമം.**

ക്രിസ്തുവാണ് സഭയുടെ ശിരസ്സ്. ശിരസ്സായ ക്രിസ്തുവിനോടു ചേർന്ന് നമ്മെ സമർപ്പിച്ച് പിതാവായ ദൈവത്തിന് നാം ആരാധനയർപ്പിക്കുന്നു.

ദിവ്യബലി, കൂദാശകൾ, കാനോൻപ്രാർത്ഥനകൾ അഥവാ സഭയുടെ ഔദ്യോഗിക പ്രാർത്ഥനകൾ തുടങ്ങിയവയാണ് സഭയിലെ ഏറ്റവും പ്രധാനപ്പെട്ട ആരാധനകർമ്മങ്ങൾ. ഏറ്റവും പരമമായ ആരാധന ദിവ്യബലിയാണ്.

### തിരുസഭയിലെ ആരാധനക്രമവത്സരം ആറായി തിരിച്ചിരിക്കുന്നു:

## ആഗമനകാലം, തിരുപ്പിറവിക്കാലം, തപസുകാലം, പെസഹാത്രിദിനം, പെസഹാക്കാലം, ആണ്ടുവട്ടം

### ആഗമനകാലം

രക്ഷകന്റെ വരവിനു വേണ്ടിയുള്ള ഒരുക്കത്തിന്റെ കാലമാണിത്. ക്രിസ്തുമസ് മുതൽ പ്രത്യക്ഷീകരണത്തിരുനാൾ വരെയുള്ള കാലഘട്ടത്തെ പിറവിത്തിരുനാൾ എന്നു വിളിക്കുന്നു.

### തിരുപ്പിറവിക്കാലം

ക്രിസ്തുമസ് മഹോത്സവം മുതൽ കർത്താവിന്റെ ജ്ഞാനസ്നാനത്തിരുനാൾവരെയുള്ള ദിവസങ്ങളാണ് തിരുപ്പിറവിക്കാലം

### തപസുകാലം

വിഭൂതിബുധൻ മുതൽ പെസഹാവ്യാഴാഴ്ചയിലെ കർത്താവിന്റെ തിരുവത്താഴപൂജാസമയംവരെയുള്ള കാലഘട്ടമാണ് തപസുകാലം

### പെസഹാത്രിദിനം

പെസഹാവ്യാഴാഴ്ച കർത്താവിന്റെ തിരുവത്താഴപൂജമുതൽ ഉയിർപ്പു ഞായറാഴ്ചവരെയുള്ള ദിവസമാണ് പെസഹാത്രിദിനം. ആരാധനക്രമത്തിലെ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന കാലമാണ് പെസഹാത്രിദിനം.

### പെസഹാക്കാലം

ഉയിർപ്പുഞായർമുതൽ പെന്തക്കോസ്താവരെയുള്ള അമ്പത്ദിവസങ്ങളെ പെസഹാക്കാലം എന്നു വിളിക്കുന്നു. ഉയിർപ്പുതിരുനാളിനു പുറമേ ഇക്കാലത്ത് ആഘോഷിക്കുന്ന രണ്ട് പ്രധാനപ്പെട്ട തിരുനാളുകളാണ് സ്വർഗാരോഹണത്തിരുനാളും പെന്തക്കോസ്തായും. ഉയിർപ്പ് കഴിഞ്ഞ് നാല്പതാംനാൾ യേശു സ്വർഗത്തിലേക്ക് ആരോഹണംചെയ്ത സംഭവമാണ് സ്വർഗാരോഹണത്തിരുനാൾ. പെന്തക്കോസ്താദിനത്തിൽ അനേകർ പത്രോസിന്റെ പ്രഘോഷണം ശ്രവിച്ച്, യേശുവിൽ വിശ്വസിച്ച് ജ്ഞാനസ്നാനം സ്വീകരിച്ചു. ആ ദിവസം തന്നെ മൂവായിരത്തോളമാളുകൾ അപ്പസ്തോലന്മാരോടു ചേർന്നു. അങ്ങനെ ആദിമസഭ രൂപം കൊണ്ടു.

യേശുവിന്റെ അമ്മയായ മറിയത്തിന്റെമേലും അപ്പസ്തോലന്മാരുടെ മേലും പരിശുദ്ധാത്മാവ് ഇറങ്ങിവന്ന ദിനമാണ് പെന്തക്കോസ്താ. അന്ന് അപ്പസ്തോലന്മാർ സുവിശേഷപ്രഘോഷണം ആരംഭിച്ചു. സുവിശേഷംശ്രവിച്ച്, മാനസാന്തരപ്പെട്ട് ജ്ഞാനസ്നാനം സ്വീകരിച്ചവരാണ് ആദിമസഭയായി രൂപം കൊണ്ടത്.

## ആണ്ടുവട്ടം

ഒരു വർഷത്തിൽ അമ്പത്തിരണ്ടോ അമ്പത്തിമൂന്നോ ഞായറാഴ്ചകളാണുള്ളത്. സഭാവത്സരത്തിലെ മുപ്പത്തി മൂന്ന് (ചില വർഷങ്ങളിൽ മുപ്പത്തിനാല്) ഞായറാഴ്ചകൾ, ആണ്ടുവട്ടത്തിലെ ഞായറാഴ്ചകൾ എന്നറിയപ്പെടുന്നു. വിശുദ്ധരുടെ മിക്കവാറും എല്ലാ തിരുനാളുകളും ആണ്ടുവട്ടത്തിലാണ് ആചരിക്കുക.

തിരുനാളുകളുടെ പ്രാധാന്യമനുസരിച്ച് മഹോത്സവം, തിരുനാൾ, സ്മരണ, ഐച്ഛിക സ്മരണ എന്നിങ്ങനെ നാലായി തിരിച്ചിരിക്കുന്നു.

യേശുവോടൊത്ത് പരിശുദ്ധാത്മാവിലൂടെ ദൈവപിതാവിന് നമ്മൾ അർപ്പിക്കുന്ന പ്രാർത്ഥനയാണ് ആരാധന. ആരാധന ദൈവത്തിനു മാത്രമുള്ളതാണ്. സഭയുടെ ഔദ്യോഗികമായ പൊതുപ്രാർത്ഥനകളുടെ സമാഹാരമാണ് ആരാധനക്രമം. ഒരു വർഷം നീണ്ടുനില്ക്കുന്ന ആരാധനക്രമമാണ് തിരുസഭയിലുള്ളത്. ഇതിനെ ആരാധനക്രമവത്സരം എന്നു വിളിക്കുന്നു. ആരാധനക്രമവത്സരത്തിൽ ആഗമനകാലം, തിരുപ്പിറവിക്കാലം, തപസുകാലം, പെസഹാത്രിദിനം, പെസഹക്കാലം, ആണ്ടുവട്ടം എന്നീ ആറു ഘട്ടങ്ങളിലൂടെ ക്രിസ്തു രഹസ്യങ്ങളും മറ്റു തിരുനാളുകളും നാം ആഘോഷിക്കുന്നു. ആരാധനയിൽ ഏറ്റവും പരമമായ ആരാധന ദിവ്യബലിയാണ്. ചില പ്രത്യേകസന്ദർഭങ്ങളിൽ ദിവ്യകാരുണ്യം എഴുന്നള്ളിച്ചുവച്ച് നാം ആരാധന നടത്താറുണ്ട്. ഭക്തിയോടും ശ്രദ്ധയോടും കൂടെ നമുക്ക് ആരാധനയിലും തിരുനാളുകളിലും പങ്കുചേരാം.

**താഴെ കാണുന്ന ദിനങ്ങളിൽ ആഘോഷിക്കുന്ന തിരുനാളുകൾ ഏതെല്ലാമെന്ന് എഴുതുക:**

| ജനുവരി 1 | ജൂലൈ 3 | ആഗസ്റ്റ് 15 |
|---|---|---|
| | | |
| **സെപ്റ്റംബർ 8** | **നവംബർ 1** | **നവംബർ 2** |
| | | |
| **ഡിസംബർ 3** | **ഡിസംബർ 8** | **ഡിസംബർ 25** |
| | | |

**താഴെ കാണുന്ന ചിത്രങ്ങൾ ഏതേതു തിരുനാളുകളെ സൂചിപ്പിക്കുന്നുവെന്ന് അതത് സ്ഥാനങ്ങളിൽ എഴുതുക:**













## ഉത്തരം കണ്ടെത്താം

1. ആരാധന എന്നാൽ എന്ത്?
2. ആരാധനക്രമം എന്നാൽ എന്ത്?
3. ആരാധനക്രമവത്സരം എത്ര ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു?
4. പെസഹാത്രിദിനം എന്നാൽ എന്ത്?
5. ഏറ്റവും പ്രധാനപ്പെട്ട ആരാധനകർമ്മങ്ങൾ ഏതെല്ലാം?

## നമുക്കു പാടാം

ആരാധനക്രമമെന്നാൽ
സഭയൊരുക്കും സംവിധാനം
ആറെണ്ണമുണ്ടതുചൊല്ലാം
അനുസരിക്കേണം നാമെല്ലാം



ആഗമനം, തിരുപ്പിറവി പിന്നെ
തപസ്സുകാലം, പെസഹാത്രിദിനം
പെസഹാക്കാലവുമാണ്ടുവട്ടം
ആരാധനയ്ക്കിതു പാലിച്ചിടാം.



**നമുക്കു ദൈവവചനം ഓർമ്മിക്കാം**

മറിയം പറഞ്ഞു: "എന്റെ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു" (ലൂക്കാ 1:46).

**നമുക്കു പ്രാർത്ഥിക്കാം**

ഞങ്ങളുടെ പിതാവായ ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും അങ്ങേക്ക് നന്ദിപറയുകയും ചെയ്യുന്നു.



**മന:പാഠമാക്കാം:**

**കുരിശിന്റെ വഴി**

ഒന്നാം സ്ഥലം : യേശു മരണത്തിനു വിധിക്കപ്പെടുന്നു.
രണ്ടാം സ്ഥലം : യേശു കുരിശു ചുമന്നുകൊണ്ടുപോകുന്നു.
മൂന്നാം സ്ഥലം : യേശു ഒന്നാം പ്രാവശ്യം വീഴുന്നു.
നാലാം സ്ഥലം : യേശു തന്റെ പരിശുദ്ധ അമ്മയെ വഴിയിൽ കണ്ടുമുട്ടുന്നു.
അഞ്ചാം സ്ഥലം: ശിമയോൻ യേശുവിനെ കുരിശു ചുമക്കാൻ സഹായിക്കുന്നു.
ആറാം സ്ഥലം : വേറോനിക്ക യേശുവിന്റെ തിരുമുഖം തുടയ്ക്കുന്നു.
ഏഴാം സ്ഥലം: യേശു കുരിശോടുകൂടെ രണ്ടാംപ്രാവശ്യം വീഴുന്നു.
എട്ടാം സ്ഥലം : യേശു ജറുസലേമിലെ സ്ത്രീകളെ ആശ്വസിപ്പിക്കുന്നു.
ഒമ്പതാം സ്ഥലം : യേശു മൂന്നാംപ്രാവശ്യം നിലത്തുവീഴുന്നു.
പത്താം സ്ഥലം : യേശുവിന്റെ തിരുവസ്ത്രങ്ങൾ ഉരിഞ്ഞുമാറ്റപ്പെടുന്നു.
പതിനൊന്നാം സ്ഥലം: യേശുവിനെ കുരിശിൽ തറയ്ക്കുന്നു.
പന്ത്രണ്ടാം സ്ഥലം: യേശു കുരിശിൽതൂങ്ങി മരിക്കുന്നു.
പതിമൂന്നാം സ്ഥലം : യേശുവിന്റെ ശരീരം മാതാവിന്റെ മടിയിൽ കിടത്തുന്നു.
പതിനാലാം സ്ഥലം: യേശുവിന്റെ മൃതശരീരം കല്ലറയിൽ സംസ്കരിക്കുന്നു.

പാഠം പന്ത്രണ്ട്

# വിശുദ്ധിയിലേക്കുള്ള വഴി

ജോൺ സമർത്ഥനും സൗമ്യശീലനുമായ ഒരു ബാലനായിരുന്നു. 1599 മാർച്ച് 13-ന് ബെൽജിയത്തെ ഒരു പട്ടണമായ ലുവെയ്നിലാണ് അവൻ ജനിച്ചത്. കഠിനാധ്വാനിയായ ഒരു ചെരുപ്പുകുത്തിയായിരുന്നു ജോണിന്റെ പിതാവ്. ഏഴു വയസ്സുള്ളപ്പോൾ മുതൽ ജോൺ അൾത്താരബാലനായി ശുശ്രൂഷചെയ്തുകൊണ്ടിരുന്നു. വിശുദ്ധ കുർബാനയിൽ അതീവ ഭക്തിയോടും ശ്രദ്ധയോടുംകൂടെ അവൻ പങ്കെടുത്തിരുന്നു. ദിവ്യബലിയർപ്പിക്കുന്ന വൈദികനെ യേശുവിനെപ്പോലെയാണ് അവൻ നോക്കിയിരുന്നത്. അൾത്താരബാലനായ തനിക്കും ഒരിക്കൽ വൈദികനായി ഇതുപോലെ വിശുദ്ധകുർബാനയർപ്പിക്കാനുള്ള അനുഗ്രഹം തരണമേ എന്ന് അവൻ പ്രാർത്ഥിച്ചിരുന്നു.

ജോണിന്റെ പ്രാർത്ഥന ദൈവം കേട്ടു. 1618 ഏപ്രിൽ 1 – ന് അവൻ വൈദികനായി, ജോൺ ബെർക്കുമെൻസ് എന്ന പേരു സ്വീകരിച്ചു. ദരിദ്രരോടും വേദനയനുഭവിക്കുന്നവരോടും സ്നേഹവും സഹാനുഭൂതിയുമുള്ള വൈദികനായിരുന്നു ജോൺ. ക്രിസ്തു സ്നേഹത്തെപ്രതി വിശ്രമമില്ലാതെ ജോലി ചെയ്ത ജോൺ, 1621 ആഗസ്റ്റ് 13-ന് 22-ാമത്തെ വയസ്സിൽ ഈ ലോകത്തോട് വിടപറഞ്ഞു.

പിന്നീട് അദ്ദേഹം സഭയിലെ വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ടു. സഭ അദ്ദേഹത്തെ അൾത്താരബാലന്മാരുടെ മദ്ധ്യസ്ഥനായി പ്രഖ്യാപിച്ചു. അൾത്താരബാലനായി പ്രവർത്തിച്ചത് ജോണിന് കൂടുതൽ ഭക്തിയിലും ദരിദ്രരോടുള്ള സ്നേഹത്തിലും വളരാൻ സഹായകമായി. അൾത്താരയിൽ ദൈവത്തോട് അടുത്തുനിന്ന ജോൺ സഹോദരങ്ങളോടും അടുത്തു ജീവിച്ചു. ജോണിന് വിശുദ്ധിയിൽ ജീവിച്ച് ഒരു വൈദികനാകാനും വിശുദ്ധനാകാനും കഴിഞ്ഞു.

ദൈവത്തോടും മനുഷ്യരോടുമുള്ള നമ്മുടെ ബന്ധത്തിന്റെ വളർച്ചയാണ് വിശുദ്ധി. പരസ്പരം സ്നേഹിച്ചും പ്രാർത്ഥിച്ചും പങ്കുവച്ചും ജീവിക്കുമ്പോൾ നാം വിശുദ്ധിയിൽ വളരുന്നു.

സഭാംഗങ്ങളുടെയിടയിൽ ഐക്യവും കൂട്ടായ്മയും വളർത്താനും അതുവഴി സഭാശരീരം പടുത്തുയർത്താനും സഭയിൽ അനേകം സംഘടനകളും സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. അവയിൽ ചിലതു മാത്രം നമുക്കു പരിശോധിക്കാം:

## തിരുബാലസഖ്യം

ഉണ്ണീശോയെപ്പോലെ ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളരാൻ കുട്ടികളായ നമ്മെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന സംഘടനയാണ് തിരുബാലസഖ്യം. ഉണ്ണീശോയാണ് തിരുബാലസഖ്യംഅംഗങ്ങളുടെ നേതാവും കൂട്ടുകാരനും. എല്ലാം ഉണ്ണീശോയ്ക്കു വേണ്ടി എന്നതാണ് തിരുബാലസഖ്യത്തിന്റെ മുദ്രാവാക്യം.

ഇടവകയിലെ തിരുബാലസഖ്യംകൂട്ടുകാർ ഉണ്ണീശോയുടെ തിരുസ്വരൂപത്തിനുമുമ്പിൽ പ്രാർത്ഥിക്കുന്നു. ലോകമെങ്ങുമുള്ള അനാഥശിശുക്കളെ സംരക്ഷിക്കുക, അവരെ ഈശോയുടെ സ്നേഹിതരാക്കുക, അവർക്ക് ക്രൈസ്തവവിശ്വാസം നല്കുക എന്നിവയാണ് തിരുബാലസഖ്യത്തിന്റെ ലക്ഷ്യങ്ങൾ.

യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു (ലൂക്കാ 2:52).

## അൾത്താരബാലസഖ്യം

ഇടവകപ്പള്ളിയിൽ, ദിവ്യബലിക്ക് വൈദികനോടൊപ്പം ശുശ്രൂഷയിൽ പങ്കെടുക്കുന്ന കൂട്ടുകാരെ നിങ്ങൾ കാണാറില്ലേ ? അൾത്താരയിലെന്നും വൈദികനോടൊപ്പം ഈശോയുടെ ശുശ്രൂഷകരാകുക എത്ര അനുഗൃഹീതമാണ്! ജോൺ ബെർക്കുമെൻസ് അങ്ങനെയാണല്ലോ വൈദികനായതും വിശുദ്ധനായതും. പ്രാർത്ഥനയിലും ദൈവഭക്തിയിലും അനുസരണയിലും വളരാൻ ഇത് നമ്മെ സഹായിക്കുന്നു.

## ബി.സി.സി. (ബേസിക് ക്രിസ്റ്റ്യൻ കമ്മ്യൂണിറ്റീസ്)

ഇടവകയിലെ കുടുംബങ്ങളെ മേഖലതിരിച്ച് ചെറിയസമൂഹങ്ങളാക്കി, ബി.സി.സി.കൾ (കുടുംബയൂണിറ്റുകൾ) രൂപീകരിക്കുന്നു. ആദിമക്രിസ്ത്യാനികൾ ജീവിച്ചതുപോലെ യൂണിറ്റിലെ കുടുംബങ്ങളെല്ലാം ഒരുമിച്ചുചേർന്ന് വചനംവായിക്കുകയും വിചിന്തനം ചെയ്യുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. വചനാധിഷ്ഠിതമായ ജീവിതംനയിക്കാനും ക്രിസ്തുവിനു സാക്ഷ്യംവഹിക്കാനുമുള്ള പ്രചോദനം ബി.സി.സി.വഴി നമുക്കു ലഭിക്കുന്നു.

കുട്ടികളായ നമുക്കും ബി.സി.സി.കളിൽ സജീവമായി പ്രവർത്തിക്കാം. പരസ്പര സ്നേഹത്തിൽ ജീവിക്കാനും നമ്മുടെ കഴിവുകൾ വളർത്താനും ബി.സി.സി.കൾ നമ്മെ സഹായിക്കും.

## വിൻസെന്റ് ഡി പോൾ സൊസൈറ്റി

ദാരിദ്ര്യവും ക്ലേശങ്ങളും അനുഭവിക്കുന്നവരെ സഹായിക്കുന്ന ഒരു പ്രേഷിതഅല്മായ സംഘടനയാണിത്. അനാഥരെയും ദരിദ്രരെയും ശുശ്രൂഷിക്കുന്നതിനുവേണ്ടി ജീവിതം സമർപ്പിച്ച ക്രിസ്തുശിഷ്യനായ വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ മാതൃക പിന്തുടർന്നു കൊണ്ടാണ് ഈ സൊസൈറ്റി പ്രവർത്തിക്കുന്നത്. ഫ്രെഡറിക് ഓസാനാമാണ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സ്ഥാപകൻ. സ്വന്തം കൈയിൽ നിന്നും ഉദാരമതികളിൽ നിന്നും പണം സംഭരിച്ച് ദരിദ്രരും നിരാലംബരുമായ വ്യക്തികളെയും കുടുംബങ്ങളെയും സഹായിക്കുന്ന ഈ സംഘടനയിലെ അംഗങ്ങൾ കൂടുതൽ സമർപ്പണമനോഭാവവും കാരുണ്യപ്രവൃത്തികളും വഴി യേശുവിന് സാക്ഷ്യം നല്കുന്നു.

## കെ.സി.എസ്.എൽ

കത്തോലിക്കാവിദ്യാർത്ഥീവിദ്യാർത്ഥിനികൾക്കായി സ്കൂളിൽ സ്ഥാപിതമായ സംഘടനയാണ് കെ.സി.എസ്.എൽ. കേരള കാത്തലിക്ക് സ്റ്റുഡന്റ്സ് ലീഗ് എന്നാണ് മുഴുവൻ പേര്.

വിശ്വാസം, പഠനം, സേവനം എന്നിവയിലൂടെ ക്രിസ്തുവിന്റെ ചൈതന്യമുൾക്കൊണ്ട് മാതൃകാപരമായി ജീവിക്കാൻ ഈ സംഘടന കുട്ടികളെ സഹായിക്കുന്നു. അംഗങ്ങളുടെ കലാപരവും സാഹിത്യപരവും വിജ്ഞാനപരവുമായ കഴിവുകൾ വികസിപ്പിക്കാൻ ധാരാളം അവസരങ്ങൾ ഒരുക്കുന്നു. തിരുസഭയോടു ചേർന്ന് യേശുവിലേക്കു വളരാനും സമൂഹത്തിൽ ക്രിസ്തുവിനു സാക്ഷ്യംനല്കാനും അംഗങ്ങളെ പ്രാപ്തരാക്കുന്നു.

## ജീസസ് യൂത്ത്

പ്രാർത്ഥനയും സുവിശേഷപ്രഘോഷണവുംവഴി ക്രിസ്തുവിൽ വളരുകയും മറ്റുള്ളവരെ അതിനു സഹായിക്കുകയും ചെയ്യുന്ന ഒരു സംഘടനയാണ് ജീസസ് യൂത്ത്. യുവാക്കളാണ് ഇതിലെ അംഗങ്ങൾ.

## സി.എൽ.സി

ക്രിസ്ത്യൻ ലൈഫ് കമ്മ്യൂണിറ്റീസ് എന്നാണ് ഈ സംഘടനയുടെ മുഴുവൻ പേര്. മറിയം വഴി ക്രിസ്തുവിലേക്ക് എന്നതാണ് സി.എൽ.സി.യുടെ മുദ്രാവാക്യം.

'പാപത്തെക്കാൾ നല്ലത് മരണം' എന്ന വിശുദ്ധ ഡോമിനിക്ക് സാവിയോയുടെ വാക്യവും "അവനും അവൾക്കും വിശുദ്ധരാകാമെങ്കിൽ എനിക്ക് എന്തുകൊണ്ടു സാധ്യമല്ല" എന്ന വിശുദ്ധ ഇഗ്നേഷ്യസ് ലയോളയുടെ ചോദ്യവും സി.എൽ.സി. ആദർശവാക്യങ്ങളായി സ്വീകരിച്ചിരിക്കുന്നു. മരിയഭക്തിയാണ് പ്രധാന സവിശേഷത.

## ലിജിയൻ ഓഫ് മേരി

മുതിർന്നവരായ മരിയഭക്തരുടെ സംഘടനയാണ് ലീജിയൻ ഓഫ് മേരി. ആഴ്ചതോറും മാതാവിന്റെ തിരുസ്വരൂപത്തിനു മുന്നിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും സത്പ്രവൃത്തികൾ ചെയ്ത് വിശുദ്ധി പ്രാപിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. 'മറിയത്തിലൂടെ യേശുവിലേക്ക്' എന്നതാണ് ലക്ഷ്യം.

## കെ.ആർ.എൽ.സി.സി

കേരള റീജിയൻ ലാറ്റിൻ കാത്തലിക്ക് കൗൺസിൽ, കേരള ലത്തീൻ കത്തോലിക്കാ വിശ്വാസികളുടെ കൂട്ടായ്മയാണ്. കേരള ലത്തീൻ കത്തോലിക്കാസഭയുടെ ഉന്നതതല രൂപീകരണസമിതിയാണിത്. സഭയുടെ സംസ്ഥാനതല പാസ്റ്ററൽ കൗൺസിലായി ഇത് പ്രവർത്തിക്കുന്നു. കേരള ലത്തീൻ കത്തോലിക്കാ സഭാദ്ധ്യക്ഷന്മാർ, തെരഞ്ഞെടുക്കപ്പെട്ട വൈദികർ, സന്യസ്തർ, സമുദായസംഘടനകളുടെ സംസ്ഥാനതല നേതാക്കന്മാർ എന്നിവരടങ്ങിയ ബൃഹത്തായ ഒരു കുട്ടായ്മയാണിത്. 179 അംഗങ്ങളുള്ള ഈ സമിതിയിൽ 93 അംഗങ്ങളും അല്മായരാണ്. കേരള ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതി രൂപീകരിച്ച 24 കമ്മീഷനുകൾ 6 ശുശ്രൂഷകളായി ക്രമീകരിച്ച് ബിസിസി, ഇടവക, ഫൊറോന, രൂപതാ, സംസ്ഥാന തലം വരെ പ്രവർത്തിച്ചുവരുന്നു.



ഭക്തിയിലും വിശ്വാസത്തിലും പ്രാർത്ഥനയിലും ജീവിക്കുന്നതും ക്രിസ്തീയസഭയുടെയും സമുദായത്തിന്റെയും നന്മയ്ക്കായി പ്രവർത്തിക്കുന്നതുമായ മറ്റനേകം സംഘടനകൾ സഭയിലുണ്ട്. ഏതെങ്കിലും സംഘടനയിൽ അംഗമായി ചേർന്ന് പ്രവർത്തിക്കുകവഴി നമുക്ക് യേശുവിന്റെ കുടൂതൽ തീക്ഷ്ണതയുള്ള സാക്ഷികളായിത്തീരാനും വിശുദ്ധിയിൽ വളരാനും കഴിയും. നാമെല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടവരാണ്. ഇടവകയാണ് വിശുദ്ധിയിൽ വളരാൻ നമ്മെ സഹായിക്കുന്ന പ്രാഥമികവേദി. ഇടവകയിലെ പ്രധാനപ്പെട്ട ഒരു പ്രവർത്തനവേദിയാണ് സംഘടനകൾ. സംഘടനകൾ നമ്മുടെ വ്യക്തിപരമായ കഴിവുകൾ വികസിപ്പിക്കാൻ സഹായിക്കുന്നു. സമൂഹത്തെയും സഭയെയും സേവിക്കാൻ സംഘടനാപ്രവർത്തനം നമ്മെ പ്രാപ്തരാക്കുന്നു. ദൈവജനമെന്ന നിലയിൽ സഭാംഗങ്ങൾ വിശുദ്ധജനമായി നിലകൊള്ളണം.

കുട്ടികൾക്കും മുതിർന്നവർക്കും യോജിച്ച സംഘടനകൾ ഏതെല്ലാമെന്ന് കണ്ടുപിടിച്ചെഴുതുക:

**1. നിങ്ങളുടെ ഇടവകയിലെ കുട്ടികളുടെ സംഘടനകൾ**

**2. നിങ്ങളുടെ ഇടവകയിലെ മുതിർന്നവരുടെ സംഘടനകൾ**



നിങ്ങൾ അംഗമാകാൻ ആഗ്രഹിക്കുന്ന/ നിങ്ങൾക്ക് ഇഷ്ടപ്പെട്ട സംഘടനയുടെ അഞ്ചു പ്രത്യേകതകൾ എഴുതുക:

1. ............................................................

2. ............................................................

3. ............................................................

4. ............................................................

5. ............................................................

പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതുകൂടാതെ നിങ്ങൾക്ക് അറിയാവുന്ന മറ്റു സംഘടനകളുടെ ഒരു പട്ടിക തയ്യാറാക്കുക.

............................................................

............................................................

............................................................

............................................................

............................................................

**ഉത്തരം കണ്ടെത്തുക**

1. ജോൺ വൈദികരെ സമീപിച്ചിരുന്നത് എങ്ങനെ?
2. ജോണിന്റെ ഏറ്റവും വലിയ ആഗ്രഹം എന്തായിരുന്നു?
3. ഇടവകയിൽ നിങ്ങൾക്കു പ്രവർത്തിക്കാൻ പറ്റിയ ഏറ്റവും പ്രധാനപ്പെട്ട വേദി ഏത്?
4. വിശ്വാസികളായ നമ്മുടെ തീർത്ഥാടനം എവിടേക്കാണ്?
5. ഒരു സംഘടനയിൽ അംഗമാകുകവഴി നിങ്ങൾ ആഗ്രഹിക്കുന്നതെന്ത്?

**നമുക്കു പാടാം**



ഇടവകയിൽ ഒരു മാതൃകയാവാൻ
ഭക്തിയിൽ നിത്യം വളരാൻ
അനുദിനപൂജയിലണയും
പ്രാർത്ഥനയാൽ ഞാൻ നിറയും

സേവനവേദികൾ വഴിയായ്
ശുശ്രൂഷകൾ ഞാൻ ചെയ്യും
തിരുവചനത്താലെന്നും
ജീവിതസാക്ഷ്യം നല്കും

**നമുക്കു ദൈവവചനം ഓർമ്മിക്കാം**



"സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണു ചെയ്തുതന്നത്" (മത്താ. 25:40).



**നമുക്കു പ്രാർത്ഥിക്കാം**

പരമപരിശുദ്ധനായ ദൈവമേ, അനുദിനം വിശുദ്ധിയിൽ വളരാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

**മന:പാഠമാക്കാം**

പാപത്തെക്കാൾ നല്ലതു മരണമാണ്.

ദൈവമാതാവ് സ്വർഗത്തിലേക്കുള്ള കോവണിയാണ്. ഈ കോവണി വഴി ദൈവം ഇറങ്ങിവന്നത് മനുഷ്യർ മറിയം വഴി സ്വർഗത്തിലേക്ക് കയറിപ്പോകാനാണ് (വിശുദ്ധ അംബ്രോസ്).

# വിശുദ്ധ മരിയ ഗൊരേത്തി



കൊറിനാൾഡോ, ഇറ്റലിയിലെ പ്രശാന്തസുന്ദരമായ ഒരു കൊച്ചുഗ്രാമം. മാമലകളും പൂച്ചെടികളും കുളിർകാറ്റുമുള്ള ആ ഗ്രാമത്തിൽ 1890 ഒക്ടോബർ 16-ന് ഒരു ഉണ്ണി പിറന്നു. ദരിദ്രദമ്പതികളായിരുന്ന ലൂയിജിയും അസൂന്തയും കുഞ്ഞിന് മരിയ ഗൊരേത്തി എന്നു പേരു വിളിച്ചു. മരിയയ്ക്ക് രണ്ടു സഹോദരന്മാരും രണ്ടു സഹോദരിമാരും ഉണ്ടായി. ഇളയസഹോദരങ്ങളെ അവൾ ഒത്തിരി സ്നേഹിച്ചു. ദൈവസ്നേഹത്തിലും പാപഭയത്തിലുമാണ് ആ അഞ്ചുമക്കളും വളർന്നുവന്നത്.

വിശുദ്ധ കുർബാനയിൽ ഭക്തിയോടെ പങ്കെടുത്തിരുന്ന മരിയയ്ക്ക് അപ്പത്തിന്റെ രൂപത്തിൽ എഴുന്നള്ളുന്ന ഈശോയെ സ്വീകരിക്കാൻ കൊതിയായിരുന്നു. പക്ഷേ, പന്ത്രണ്ടു വയസ്സു തികഞ്ഞ കുട്ടികൾക്കു മാത്രമേ അക്കാലങ്ങളിൽ വിശുദ്ധ കുർബാന നല്കിയിരുന്നുള്ളൂ.